# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്മനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി-9/1998/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 13/01/2026
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്മനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി-9/1998/25 തീയ്യതി: 13/01/2026

## കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-12-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 26-11-2025 | 03-12-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-11-2025 | 03-12-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീമതി ജയശ്രീ പി. ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിനീത് രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ
ശ്രീ. ഷിബു റ്റി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജി രാജേഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.സോണി മാത്യു | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീ.സുനിൽകുമാർ എൻ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 16-10-2024 |
| ശ്രീ.ബിനു എസ്.ഐ | സെക്രട്ടറി | 17-10-2024 | 15-03-2025 |
| ശ്രീ.സുനിൽകുമാർ എൻ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-03-2025 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ്യാ രാജ് ആർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ഹസീന. കെ. എച്ച് | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.മിഥുൻ ജെ കല്ലൂർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 17-07-2024 |
| ഡോ.ശശി ശങ്കർ എം.എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 18-07-2024 | 31-03-2025 |
| ഡോ.മെറിൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. മിനിജ. ഡി. നായർ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2024 | 31-07-2024 |
| ഡോ.അനിഷ് എസ് കുടകശ്ശേരിൽ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-08-2024 | 31-03-2025 |
| ശ്രീമതി പ്രിയാ മേരി ഫിലിപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 01-04-2024 | 31-03-2025 |
| ശ്രീമതി ഓമന വി. എ | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി സ്കൂൾ കുമ്മനം | 01-04-2024 | 29-12-2024 |
| ശ്രീമതി രജനി പി.എം | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി സ്കൂൾ കുമ്മനം | 30-12-2024 | 31-03-2025 |
| ശ്രീമതി നീതു. കെ. എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 29-04-2024 |
| ശ്രീമതി മിനിമോൾ കെ.എം | ഐ സി ഡി എസ് സൂപ്പർവൈസർ | 30-04-2024 | 31-07-2024 |
| ശ്രീമതി നീതു. കെ. എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-08-2024 | 31-03-2025 |
| ശ്രീമതി ബ്ലസ്സി ജോഷി | ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി അഞ്ജന സി.വി | ക്ഷീര വികസന ഓഫീസർ | 01-04-2024 | 22-08-2024 |
| ശ്രീമതി രശ്മിമോൾ എസ് | ക്ഷീര വികസന ഓഫീസർ | 23-08-2024 | 31-03-2025 |
| ശ്രീമതി ഹെലൻ ക്ലീറ്റസ് | വി ഇ ഓ അയ്മനം | 01-04-2024 | 31-03-2025 |
| ശ്രീമതി അഞ്ജു രാജ് കെ എം | വി ഇ ഓ ഒളശ്ശ | 01-04-2024 | 31-03-2025 |
| ശ്രീ.സുനിൽകുമാർ എൻ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല | 1-1-2 |
| 4 | സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി-മുൻകൂർ തുക കൃത്യമല്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ്സ് തുകകളുടെ കൃത്യത വ്യക്തമല്ല | 1-1-6 |
| 8 | മുൻകൂർ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-7 |
| 9 | Govt. & Other Dues Register സൂക്ഷിക്കുന്നില്ല B-9 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത തുകകൾ അടവാക്കിയിട്ടില്ല. | 1-1-8 |
| 10 | സംരക്ഷണ ഗ്രാന്റ് റോഡ് /വികസന ഫണ്ട് പൊതു വിഭാഗം എന്നിവയുടെ-ചെലവ് തുകയിൽ വ്യത്യാസം | 1-1-9 |
| 11 | ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം | 1-1-10 |
| 12 | ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-11 |
| 13 | ലൈഫ് ലോൺ ബാധ്യതാ കണക്കുകളിൽ അവ്യക്തത | 1-1-12 |
| 14 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | ബജറ്റ്-വിശകലനം | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | സർക്കാർ ഫണ്ട് വിനിയോഗത്തിലെ പിഴവുകൾ മൂലം പഞ്ചായത്തിന് നഷ്ടമാകുന്നത് 5850213/- രൂപ | 1-4-1 |
| 19 | വാർഷികപദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | സാമൂഹ്യ ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 25 | ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച തുക പൂർണ്ണമായും അടച്ചില്ല. | 1-11 |
| 26 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-12 |
| 27 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-13 |
| 28 | വിഭജിച്ച് നമ്പർ നൽകിയ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-13-1 |
| 29 | കരാറുകാരുടെ തൊഴിൽ നികുതി ഡിമാൻ്റ്ചെയ്ത് ഈടാക്കിയില്ല. | 1-14 |
| 30 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻ്റ്ചെയ്ത് ഈടാക്കിയില്ല. | 1-15 |
| 31 | വാടകയ്ക്ക് ആനുപാതികമായി വാടക നിക്ഷേപം ഈടാക്കിയില്ല | 1-16 |
| 32 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-17 |
| 33 | സ്ഥിരനിക്ഷേപ പലിശയിൽ നിന്നും കിഴിവ് ചെയ്ത ആദായനികുതി തിരികെ ലഭ്യമായില്ല | 1-18 |
| 34 | ജനറേറ്റർ-ഇന്ധനത്തിന്റെ വിനിയോഗം/മെയിന്റനൻസ് സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-19 |
| 35 | മഴക്കാലപൂർവ്വശുചീകരണം - അഡ്വാൻസ് ക്രമീകരിച്ചില്ല. | 1-20 |
| 36 | അർഹതയില്ലാത്ത ന്യൂട്രീമിക്സ് യൂണിറ്റിന് ജി.എസ്.ടി. അനുവദിച്ചു | 1-21 |
| 37 | അഭിഭാഷകന് നൽകുന്ന പ്രതിഫലത്തിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. | 1-22 |
| 38 | അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ച 18 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല | 1-23 |
| 39 | കാലി ബാരൽ വിലയും, ജി.എസ്.ടിയും തനത് ഫണ്ട് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു | 1-24 |
| 40 | നിക്ഷേപപ്രവൃത്തികൾ- കരാർചമയ്ക്കാതെ തുക കൈമാറി - പ്രവൃത്തികളുടെ പൂർത്തീകരണവിവരവും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-25 |
| 41 | വെള്ളക്കരമിനത്തിൽ ലക്ഷക്കണക്കിന് രൂപയുടെ ബാധ്യത - കുടിശ്ശിക അടവാക്കാൻ സിഎഫ് സി ഗ്രാന്റ് വിനിയോഗിച്ചു. | 1-26 |
| 42 | നിരീക്ഷണക്യാമറകൾ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല – മുൻകൂറായി നൽകിയ9 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 43 | ലൈഫ് ഗുണഭോക്താവ് തിരിച്ചടച്ച തുക തനത് ഫണ്ടിൽ | 1-28 |

| | | |
|---|---|---|
| | സൂക്ഷിച്ചിരിക്കുന്നു | |
| 44 | ലൈഫ് ഭവനപദ്ധതി- മുൻ വർഷങ്ങളിൽ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-29 |
| 45 | വലിയമട വാട്ടർഫ്രണ്ട് ടൂറിസം പദ്ധതി - ലാഭവിഹിതം ലഭ്യമായില്ല | 1-30 |
| 46 | തെരുവുവിളക്ക് മെയിന്റനൻസ് - 2,86,160/-രൂപയുടെ ചെലവുരേഖകൾ ലഭ്യമായിട്ടില്ല. | 1-31 |
| 47 | ജൽ ജീവൻ മിഷൻ പ്രവർത്തന പുരോഗതി അവലോകനം | 1-32 |
| 48 | ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം | 1-33 |
| **ഭാഗം 2** | | |
| 1 | വിഭജിച്ച് നമ്പർ നൽകിയ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20-05-2025 തീയതിയിലെ 2/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തീയതി: **13.01.2026** | ഡെപ്യൂട്ടി ഡയറക്ടർ |

### 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല. 31.03.2025 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും 31-03-2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്.

### 1-1-3 സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ തസ്വഭവ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-1-4 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

KURDFC ലോൺ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക ബി-5 ഷെഡ്യൂളിൽ 28775750/- രൂപയും ബി-16 ഷെഡ്യൂളിൽ 28591727/-രൂപയുമാണ്. ഷെഡ്യൂളുകൾ തമ്മിൽ 184023/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

### 1-1-5 തൊഴിലുറപ്പ് പദ്ധതി-മുൻകൂർ തുക കൃത്യമല്ല

തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവുകൾക്കായി നൽകിയ മുൻകൂർ തുകയിൽ B-18 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാൻ ബാലൻസ് നിൽക്കുന്ന തുക 1713820/-രൂപ ആയത് എം.ജി.എൻ.ആർ.ഇ.ജി.എസ്-ന്റെ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിച്ച് കണക്കുകൾ കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-1-6 ഡെപ്പോസിറ്റ്സ് തുകകളുടെ കൃത്യത വ്യക്തമല്ല

B7- ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന ഡെപ്പോസിറ്റ്സ് തുകകളുടെ കൃത്യത വ്യക്തമല്ല. ഡെപ്പോസിറ്റ് തുകകൾ ഏതിനത്തിൽ ലഭിച്ചതാണ് എന്നുള്ള കാര്യത്തിൽ വ്യക്തത വരുത്തിയിട്ടില്ല.

| ക്രമ നം | ഹെഡ്/ ഇനം | തുക |
|---|---|---|
| 1 | 340200199-Other Deposits | 2857 |
| 2 | 340800101-Deposit Received From Others | 18000/- |

തുകകൾ ഏതിനമെന്ന് ഉറപ്പാക്കി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

### 1-1-7 മുൻകൂർ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

B-18 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന മുൻകൂർ തുകകൾ ഏതാവശ്യത്തിന് നൽകി എന്ന വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഹെഡ്/ ഇനം | തുക |
|---|---|---|
| 1 | 460100199-Other Advances | 398050/- |
| 2 | 460500399-Advance To Other Authorised Agencies | 1706064/- |
| 3 | Advance To Nirmiti Kendra | 50000/- |
| 4 | Advance To Integrated Rural Technology Centre | 300000/- |
| 5 | Advance To Others | 1212182/- |

മുൻകൂർ തുകകളുടെ കൃത്യത വ്യക്തമാക്കി രജിസ്റ്ററിൽ ചേർക്കേണ്ടതും തുകകൾ ക്രമീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

## 1-1-8 Govt. & Other Dues Register സൂക്ഷിക്കുന്നില്ല B-9 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത തുകകൾ അടവാക്കിയിട്ടില്ല.

Govt.&Other Dues Register സൂക്ഷിക്കുന്നില്ല. ദീർഘകാലമായി ഒടുക്കാതെ തുടരുന്ന ബാധ്യതകളായ B-9 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന തുകകൾ അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴ ചേർക്കുന്നു.

| ക്രമ നം | ഹെഡ്/ ഇനം | തുക |
|---|---|---|
| 1 | 350300103- | 27600/- |
| 2 | 350300111-ഫ്ലഡ് സെസ് | 3885/- |
| 3 | 350300112-കോർട്ട് ഫീ സ്റ്റാമ്പ് | 9965/- |
| 4 | 350300199-Government And Other Dues Payable-Others | 219106/- |
| 5 | 350400999-Refund Of Unutilised Grants-Prior Period | 3200/- |
| 6 | 350409901-Refunds Payable Others | 23430/- |

മേൽപ്പറഞ്ഞ തുകകളുടെ വിശദാംശം ലഭ്യമാക്കി സമയബന്ധിതമായി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-1-9 സംരക്ഷണ ഗ്രാന്റ് റോഡ്/വികസന ഫണ്ട് പൊതു വിഭാഗം എന്നിവയുടെ-ചെലവ് തുകയിൽ വ്യത്യാസം

സംരക്ഷണ ഗ്രാന്റ് (റോഡ്) വികസന ഫണ്ട് (പൊതു വിഭാഗം) എന്നിവയുടെ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ് മെന്റ് എന്നിവയിലെ ചെലവും വാർഷികകണക്കുകളിലെ I-6 ഷെഡ്യൂൾ പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

| ക്രമ നം | ഫണ്ടിനം | സുലേഖ ചെലവ് പത്രിക/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ചെലവ് | വാർഷിക കണക്ക് I-6 ഷെഡ്യൂൾ പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 1 | സംരക്ഷണ ഗ്രാന്റ് റോഡ് | 42262730/- | 41783929/- |
| 2 | വികസന ഫണ്ട് പൊതു വിഭാഗം | 33966000/- | 32027343/- |

വ്യത്യാസം ക്രമീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-1-10 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലെ 31.03.2025 ലെ നീക്കിയിരിപ്പ് 16298609/- രൂപയാണ്. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ബി-4 ഷെഡ്യൂളിൽ ബാധ്യതയായി അവശേഷിക്കുന്ന തുക 16368947/-രൂപയാണ്. ഷെഡ്യൂളുകൾ തമ്മിൽ 70338/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. 2023-24 വർഷത്തെ 70338/- രൂപയുടെ വിവിധ ഡിഡക്ഷൻ തുകകൾ ഇ- ഗ്രാമസ്വരാജിൽ രേഖപ്പെടുത്താൻ

സാധിക്കാത്തതിനാൽ ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവേശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയേക്കാൾ കൂടി നിൽക്കുന്നത് കാരണമാണ് നീക്കിയിരിപ്പിൽ വ്യത്യാസം വരാൻ കാരണം എന്ന് വ്യക്തമാക്കി. കണക്കുകൾ കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-1-11 ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ഗുണഭോക്തൃ വിഹിതമിനത്തിൽ ബി-4 ഷെഡ്യൂളിൽ ബാധ്യതയായി അവശേഷിക്കുന്ന തുക **1272731/-** രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുകയുടെ ആധികാരികത സംബന്ധിച്ച രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-12 ലൈഫ് ലോൺ ബാധ്യതാ കണക്കുകളിൽ അവ്യക്തത

ലൈഫ് ഭവന പദ്ധതിയ്ക്കുള്ള വായ്പ തൻവർഷം ലഭിക്കുകയും അതിന്റെ തിരിച്ചടവിനത്തിൽ സർക്കാർ വികസന ഫണ്ടിന്റെ സ്രോതസിൽ നിന്നും കുറവു വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലോണിന്റെ യഥാർത്ഥ വരവ്, ചെലവ്, തിരിച്ചടവാക്കാനുള്ള തുക എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻമൂലം വർഷാവസാന ബാധ്യതാ കണക്കുകളിൽ അവ്യക്തതയുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്. ലോണിന്റെ യഥാർത്ഥ വരവ്, ചെലവ്, തിരിച്ചടക്കാനുള്ള തുക എന്നിവ രേഖപ്പെടുത്തി ലോൺ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-1-13 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല

ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്-വിശകലനം

**2024-25** വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ **9.02.2024** ലെ **1(1)**-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ **22.03.2025- 1/1**-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | **2,40,07,937** | **2,32,59,102** |
| വരവ് | **30,29,43,266** | **31,65,95,720** |
| ആകെ | **32,69,51,203** | **33,98,54,822** |
| ചെലവ് | **32,28,37,413** | **33,67,34,725** |
| നീക്കിയിരിപ്പ് | **41,13,790** | **31,20,097** |

പുതുക്കിയ ബജറ്റ് പ്രകാരം **31.65** കോടി രൂപ വരവും **33.98** കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. **2024-25** വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം **26.82** കോടി രൂപയും ചെലവ് **26.01** കോടി രൂപയുമാണുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് പത്രിക

| | |
|---|---|
| മുന്നിരിപ്പ് | 48,577,109.45/- |
| ഓഡിറ്റ് വർഷത്തെ വരവ് | 90,956,080/- |
| ആകെ | 139,533,189.45/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84,206,117/- |
| നീക്കിയിരിപ്പ് | 55,327,072.45/- |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 268,226,157/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 260,154,817/- |
| പ്രവർത്തന ലാഭം | 8,071,340/- |
| മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 5,865,885/- |
| അറ്റ പ്രവർത്തന ലാഭം | 13,937,225/- |

ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | 3932/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 76,64,916/- |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വിവിധ ഗ്രാന്റുകളുടെ വരവ് -ചെലവ്, നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനെ | മുൻ ബാക്കി | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 33966000 | 33966000 | 33966000 | 0 | 100 |
| വികസന ഫണ്ട് (എസ്. സി. എസ്. പി.) | 0 | 4777000 | 4777000 | 4733269 | 43731 | 99.08 |
| വികസന ഫണ്ട് (ടി. എസ്. പി.) | 0 | 0 | 0 | 0 | 0 | --- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 59235000 | 59235000 | 42262370 | 16972630 | 71.34 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5425000 | 5425000 | 3615417 | 1809583 | 66.64 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 9425975 | 12682500 + 1441884 (ട്രഷറി) | 23550359 | 9869691 (ബാങ്ക്) 423032 (ട്രഷറി) | 12238784 1018852 (ട്രഷറി) | 43.87 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 3892596 | 5722576 (ബാങ്ക്) + 27920 (ട്രഷറി) + 563916 (പലിശ) | 10207008 | 6048925 | 4130163 (ബാങ്ക്) 27920 (ട്രഷറി) | 59.26 |
| ഐ.സി.ഡി.എസ് | 2625451 | 1740660 | 4366111 | 1979634 | 2386477 | |

| | | | | | | |
|---|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 809645 | 22035 | 831680 | ---- | 831680 | |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 68750 | 476430 | 1164010 | 666721 | 497289 | |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്റേഴ്സ്) | 59805 + 4583 (പലിശ) | 714000 | 778388 | Nil | 778388 | |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യുതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

ഗ്രാന്റ് പത്രികയിൽ വികസന ഫണ്ടിന്റെ അലോട്ട്മെന്റായി സൂചിപ്പിച്ചിട്ടുള്ള തുകയിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് ജി.ഒ. പ്രോജക്ടുകൾ മുഖേന സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സ്രോതസിൽ നിന്ന് കുറവു വരുത്തിയ തുകകളുടെ വിശദാംശങ്ങൾ

| ഫണ്ട് | ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവ് | അങ്കണവാടി ഓണറേറിയം | ആകെ |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3630232 | 1576800 | 5207032 |
| വികസന ഫണ്ട് (SCP) | 50323 | 00 | 50323 |
| ഒട്ടാകെ | 3680555 | 1576800 | 5257355 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഫണ്ടിൽ ആകെ അലോട്ട്മെന്റിനൊപ്പം വരവായി ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ പലിശ (563916) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എസിആർ/ഗ്രാന്റ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ ഖണ്ഡിക 1-1, അനുബന്ധം-1 പ്രകാരം ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-4-1 സർക്കാർ ഫണ്ട് വിനിയോഗത്തിലെ പിഴവുകൾ മൂലം പഞ്ചായത്തിന് നഷ്ടമാകുന്നത് 5850213/- രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ(എംഎസ്)79/2021/ധന. നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് ക്യാരി ഓവർ ചെയ്ത് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും അലോട്ട്മെന്റിന്റെ 80 ശതമാനവും തമ്മിലുള്ള വ്യത്യാസം (Total Allotment X 80% - Actual Expenditure) ഷോർട്ട് ഫോളായി പരിഗണിച്ച് തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്ന് കുറവു വരുത്തുന്നതാണ്. 2024-25 സാമ്പത്തിക വർഷം പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്), (നോൺ റോഡ്), ഇനത്തിൽ നിശ്ചിത 80% ചെലവഴിയ്ക്കാനായിട്ടില്ല. തൻമൂലം ഷോർട്ട് ഫോളായി 58.50 ലക്ഷം രൂപയാണ് 2026-27 ൽ നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ആകെ അലോട്ട്മെന്റ് | യഥാർത്ഥ ചെലവ് | ചെലവ് ശതമാനം | 2025-26 ൽ ക്യാരി ഓവർ വിഹിതം | ആകെ അലോട്ട്-മെന്റിന്റെ 80% | ഷോർട്ട് ഫാളിനത്തിൽ 2026-27ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 5425000 | 3615417 | 66.64 | 1085000 | 4340000 | 724583 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 59235000 | 42262370 | 71.34 | 11847000 | 47388000 | 5125630 |
| | | | | | ആകെ | 5850213 |

പഞ്ചായത്തിന് വാർഷിക പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച തുക സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാൻ കഴിയാതിരുന്നതിനാലാണ് 58.50 ലക്ഷം രൂപ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായത്. ഇപ്രകാരം 2026-27 വർഷം ഷോർട്ട് ഫോളിലൂടെ പഞ്ചായത്തിന് സാമ്പത്തിക 58.50 ലക്ഷം രൂപ നഷ്ടമുണ്ടായ സാഹചര്യം വിലയിരുത്തേണ്ടതും വരും വർഷങ്ങളിൽ ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതുമാണ്.

## 1-5 വാർഷികപദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പി ലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 355 | 258424953 | 160 | 124299058 | 195 | 45 |

പഞ്ചായത്ത് ഭരണസമിതിയുടെ 23-11-23- ലെ യോഗ തീരുമാനപ്രകാരം 2024-25 വാർഷികപദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘിപ്പിച്ചത് അംഗീകരിച്ചു തീരുമാനിച്ചു (യഥാക്രമം അജണ്ട—8/2 , 8/3) ) വർക്കിംഗ് ഗ്രൂപ്പുകളുടെ ആദ്യ യോഗം 4/12/2023 തീയതിയിലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണ സമിതിയുടെ ആദ്യയോഗം 4/12/202 3 തീയതിയിലും ചേരുകയുണ്ടായി. പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നടത്തപ്പെട്ട മറ്റ് പ്രവർത്തനങ്ങളുടെ ങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ | 15-12-23 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 16-12-23 മുതൽ 19-12-23വരെ |
| സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം | 26-12-23 |
| ഭിന്നശേഷി ഗ്രാമസഭ | 27-12-23 |
| വയോജന ഗ്രാമസഭ | 9-1-24 |
| ഊരുകൂട്ടയോഗം | 9-1-24 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 15-1-24 |
| വികസന സെമിനാർ | 17-1-24 |
| വാർഷിക പദ്ധതി അന്തിമ അംഗീകാരം | 19-1-24ലെ 2( 1) |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് -ഗ്രാമസഭകൾ | 26-7-24മുതൽ 30-7-24വരെ |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണചുമതല 13 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോ ദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 92,84,603 | 63,66,368/- |
| വെറ്ററിനറി സർജൻ | 4 | 4 | 3045000/- | 561093/- |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 14 | 11 | 55,20023/- | 36,17245/- |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- അയ്മനം സർക്കിൾ) | 11 | 10 | 7,55,22000 | 1,61,70824 |
| ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 14 | 14 | 82,40,199/- | 75,94,883/- |
| സെക്രട്ടറി | 45 | 36 | 2,37,48,401 | 1,61,20,478/- |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – ഒളശ്ശ സർക്കിൾ) | 15 | 14 | 1, 65,03,700/- | 1,32,28,795/- |
| അസിസ്റ്റന്റ് എഞ്ചിനീയർ | 56 | 43 | 11,04,36,904/- | 5,70,91,110/- |
| ഹെഡ്മാസ്റ്റർ | 9 | 4 | 1542518/- | 1009451/- |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 16,00000/- | 9,00000/- |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 9 | 28,81,605 | 15,67,411/- |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 100000/- | 71400/- |
| ആകെ | 355 | 160 | 25,84,24,953/- | 12,42,99,058/- |

<u>വാർഷികപദ്ധതി വിലയിരുത്തൽ</u>

*വാർഷികപദ്ധതിയിൽ ആവിഷ്കകരിച്ച 355 പ്രോജക്ടുകളിൽ 160 പ്രോജക്ടുകൾക്കു വേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ.

*വിവിധ വിഭവസ്രോതസ്സുകളിൽനിന്നായി ആകെ 25.84 കോടി രൂപ വകയിരുത്തിയതിൽ 12.42 കോടി രൂപ മാത്രമേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതിചെലവ് 48% മാത്രമാണ്.

*പൊതുവിഭാഗം വികസനഫണ്ട് 100 ശതമാനവും ചെലവഴിക്കാനായി

*റോഡ്, റോഡിതര സംരക്ഷണ ഗ്രാന്റുകൾ സർക്കാർ നിർദ്ദേശിച്ച മിനിമം ചെലവുപരിധി കൈവരിച്ചിട്ടില്ല. ആയതിനാൽ 2026-27 വർഷം 58 ലക്ഷത്തിലധികം രൂപയുടെ ഗ്രാന്റ് നഷ്ടം ഉണ്ടാകുന്നതാണ്.

*കാർഷികമേഖലയിൽ നെൽകൃഷി വികസനത്തിനായി പദ്ധതി വിഹിതത്തിൽ നിന്നും 40 ലക്ഷം രൂപയിലധികം ചെലവഴിച്ചിട്ടുണ്ട്.

*ഭക്ഷ്യവിളകളുടെ വിത്ത് വിതരണം, ജലസേചനത്തിന് പമ്പ്സെറ്റ്, സമഗ്രപുരയിടകൃഷി മുതലായവയാണ് കാർഷികോത്പ്പാദനമേഖലയിൽ നടപ്പാക്കിയ മറ്റ് പ്രധാന പ്രോജക്ടുകൾ

*ലൈഫ് ഭവനപദ്ധതിയ്ക്ക് വിവിധ വിഭവസ്രോതസ്സുകളിൽനിന്നായി 1.48കോടിയലധികം രൂപ ചെലവഴിക്കാൻ സാധിച്ചു.

*സേവനമേഖലയിൽ പാലിയേറ്റീവ് പരിചരണപദ്ധതിക്കായി ബ്ലോക്ക് ,ജില്ലാപഞ്ചായത്ത വിഹിതം ഉൾപ്പെടെ 12ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്.

*അനിവാര്യചുമതലയിൽപ്പെടുന്ന തെരുവുവിളക്കുകളുടെ വെള്ളക്കരം അടവാക്കലിനായി സിഎഫ്സി ഗ്രാന്റ് വകയിരുത്തി പ്രോജക്ട് ആവിഷ്ക്കരിക്കുകയും 30 ലക്ഷം രൂപ തൻവർഷം അടവാക്കുകയും ചെയ്തു.

*മാലിന്യനിക്ഷേപം നിരീക്ഷിക്കുന്നതിനായി നിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട്പ്രകാരം 9 ലക്ഷം രൂപ കെൽട്രോണിന് മുൻകൂർ നൽകിയിരുന്നെങ്കിലും ഓഡിറ്റ് തീയതിയിലും പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

<u>സഞ്ചിതനിധിയിലേയ്ക്ക് 198 ലക്ഷം രൂപ തിരികെ എടുക്കപ്പെട്ടു</u>

പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കാത്തതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | തുക |
|---|---|
| വികസന ഫണ്ട് (എസ് സി പി) | 43731 |
| മെയിന്റനൻസ് ഗ്രാന്റ് -(റോഡ്) | 16972630 |
| മെയിന്റനൻസ് ഗ്രാന്റ് -(റോഡിതരം) | 1809583 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1018852 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 27920 |
| ആകെ | 1,98,72,716/- |

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2024-2025 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, തൻവർഷം വർഷം സാങ്കേതിക അനുമതി ലഭിച്ച 179 പ്രോജക്ടുകളിൽ, 133 എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷം തൊഴിൽ കാർഡിനായി അപേക്ഷിച്ച 32 പേർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. 89903 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1314 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മണ്ണ്, ജല സംരക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് വാച്ചാൽ ആഴം കൂട്ടൽ, തോട് ആഴം കൂട്ടി കയർ ഭൂവസ്ത്രം വിരിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്തു. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2024-2025 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 6,911.5 | സ്കിൽഡ് ലേബർ | 626,220 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1,479,602 | അൺ സ്കിൽഡ് ലേബർ | 30,676,692 |
| പലിശ വരവ് | 4,872 | മെറ്റീരിയൽ തുക | 6,632,705 |
| ആകെ നേരിട്ടുള്ള വരവ് | 1,491,385.5 | ആകെ DBT ചെലവ് | 37,935,617 |
| സ്കിൽഡ് ലേബർ | 626,220 | ശമ്പളം, പ്രിന്റിങ്ങ് & സ്റ്റേഷനറി | 1,660,121 |
| അൺ സ്കിൽഡ് ലേബർ | 30,676,692 | മറ്റുള്ളവ | 13,750 |
| മെറ്റീരിയൽ തുക | 6,632,705 | ആകെ നേരിട്ടുള്ള ചെലവ് | 39,609,488 |
| ആകെ DBT വരവ് | 39,415,219 | മറ്റ് ചെലവുകൾ (100 ദിന അലവൻസ്) | - |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുമുള്ള മുൻകൂർ തുക | 1,673,871 | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | 1,491,385 |
| മറ്റ് വരവുകൾ (100 ദിന അലവൻസ്) | - | നീക്കിയിരിപ്പ് | 0.50 |
| ആകെ | 41,100,873.50 | ആകെ | 41,100,873.50 |

31/03/2025 ബാലൻസ് ഷീറ്റ് പ്രകാരം 1713820/- രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി

സ്വീകരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യ ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | **44,653,300** | **3037** |
| കർഷക തൊഴിലാളി പെൻഷൻ | **18,269,400** | **1174** |
| വിധവാ പെൻഷൻ | **14,910,400** | **983** |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | **741,600** | **46** |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | **5,835,700** | **384** |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | **150,000** | **5** |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

**1994**-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ **6(4)**-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, **26.11.2025**-ന് **3 PM**-ന് അക്കൗണ്ടൻറ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. **2595/-** രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

വിവിധ സെക്ഷനുകളുടെ ജോലികൾ കൃത്യമായി പുനക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കുമായി ബന്ധപ്പെട്ട ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വായ്പ തിരിച്ചടയ്ക്കാനുള്ള തുക സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ വ്യക്തതയില്ല. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതി കുടിശിക ഈടാക്കാനുള്ള തീവ്രശ്രമങ്ങളുണ്ടായിട്ടുണ്ട്. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീ, വാടക എന്നിവയുടെ പിരിവ് കാര്യക്ഷമമാക്കിയതിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | **20.07.2022** | **01/22-03/22** | **26.09.2022** |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | **11.07.2022** | **01.04.2017** മുതൽ **30.06.2022** വരെ | **Audit -I AM-I(HQ)II-I/C-3/GP/8A 23/2022-23/134 Dtd 14/09/2022** |

## 1-11 ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച തുക പൂർണ്ണമായും അടച്ചില്ല.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ **HDPE** പോട്ട് വിതരണം എന്ന പ്രോജക്ടിലെ ഒരു യൂണിറ്റിന്റെ ഗുണഭോക്തൃവിഹിതമായി **500** രൂപ വീതം ഈടാക്കുന്നതിന് ഉപയോഗിച്ച വിവിധ രസീത് ബുക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.രസീത് ബുക്ക് നം.24478 പ്രകാരം 2.12.2024, 3.12.2024, 4.12.2024 എന്നീ തീയതികളിൽ ആകെ 51000/- രൂപ പിരിച്ചുവെങ്കിലും 17.12.2024 ൽ ഗ്രാമപഞ്ചായത്തിൽ അടവാക്കിയത് 50000/-രൂപ മാത്രമാണ്. രസീത് നമ്പർ 24478/76/04.12.2024 ൽ 1500/- രൂപ ഈടാക്കിയതായി ചേർത്തിട്ടുണ്ടെങ്കിലും 500/- രൂപയാണ് വരവായി ഉൾപ്പെടുത്തിയിട്ടുള്ളത്.

2.രസീതു ബുക്ക് നമ്പർ 24453-ൽ ക്രമ നമ്പർ 2 മുതൽ 15 വരെ രസീതുകളിൽ പണം പിരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.

4.രസീതു ബുക്ക് നമ്പർ 24453 പ്രകാരം 2025 മാർച്ച് 11,12,13 എന്നീ തീയതികളിലായി പിരിച്ച തുകകൾ 27.03.2025 ൽ മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/29.11.2025) പരിചയക്കുറവ് മൂലമാണ് യഥാസമയം പണം അടയ്ക്കാൻ കാലതാമസം വന്നതെന്നും ശ്രീമതി ആനിസ് ജെയിംസ് എന്ന ഗുണഭോക്താവിൽ നിന്നും 24478/76-ാം നമ്പർ രസീത് പ്രകാരം 500 രൂപയാണ് ഗുണഭോക്തൃവിഹിതമായി പിരിച്ചതെന്നും അശ്രദ്ധകൊണ്ട് 1500/-എന്ന് എഴുതിയതാണെന്നുമുള്ള മറുപടിയും പ്രസ്തുത ഗുണഭോക്താവിൽ നിന്നും 500 രൂപയാണ് അടച്ചതെന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ സാക്ഷ്യപത്രത്തിന്റെ കൃത്യത ബോധ്യപ്പെടാത്ത വിവരം അറിയിച്ചപ്പോൾ 1000/- രൂപ പിരിവ് നടത്തിയ ഉദ്യോഗസ്ഥ പഞ്ചായത്ത് ഫണ്ടിൽ അടച്ചുകൊള്ളാമെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ അടവാക്കാൻ അവശേഷിക്കുന്ന 1000/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. രസീത് പ്രകാരം പിരിച്ച തുക അന്നുതന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ അടവാക്കേണ്ടതാണ്. യഥാസമയം പണം അടവാക്കാതിരുന്നതും പിരിച്ച തുക പൂർണ്ണമായും അടവാക്കാതിരുന്നതും ഗുരുതരമായ കൃത്യവിലോപമാണ്. പൊതുപണം സംബന്ധിച്ച ക്രയവിക്രയം നടത്തുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 18, 19, 23 കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 5,6,7 എന്നിവ പാലിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിൽ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ എന്ന ഗണത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 7/- രൂപ നിരക്കിൽ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്ന താഴെപ്പറയുന്ന കെട്ടിടത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള വിസ്തീർണ്ണം 300 ച.മീറ്ററിൽ അധികമാണെന്ന് കാണുന്നു. കെട്ടിടത്തിന്റെ വിസ്തീർണ്ണം 300 ചതുരശ്ര മീറ്ററിനു മുകളിലായതിനാൽ പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ എന്ന ഗണത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 8/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. തെറ്റായ ഗണത്തിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതു മൂലം വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (2024-25 വർഷത്തെ നികുതി വർദ്ധനവ് (5%) ഉൾപ്പെടെയുള്ള നിരക്കാണ് പട്ടികയിൽ കാണിച്ചിരിക്കുന്നത്.)

| | |
|---|---|
| ഫയൽ നമ്പർ | SC3-7135/24<br>(05/12/2024) |
| കെട്ടിട നമ്പർ | 03/239 A |
| നികുതി പ്രാബല്യത്തിൽ വന്നത് | 2024 രണ്ടാം അർദ്ധ വർഷം/<br>30.03.2025 |
| ഉടമസ്ഥൻ | വികാർ |

| വിസ്തീർണ്ണം (ച.മീ) | 316.25 | | |
|---|---|---|---|
| | നിർണ്ണയിച്ച നികുതി | നിർണയിക്കേണ്ട നികുതി | കുറവ് |
| നിരക്ക് | 7.35 | 8.4 | |
| അടിസ്ഥാന വസ്തു നികുതി | 2324 | 2657 | 332 |
| ഇളവുകൾ (20% - മേഖല) | 465 | 531 | 66 |
| വർദ്ധനവുകൾ (20 % - വഴി സൗകര്യം) | 465 | 531 | 66 |
| സർവ്വീസ് ചാർജ്ജ് - 11% | 256 | 292 | 37 |
| ആകെ | 2580 | 2949 | 369 |
| 2024-2025 രണ്ടാം അർദ്ധ വാർഷിക നികുതി | 1290 | 1474 | 184 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/29.11.2025) ലഭ്യമാക്കിയ മറുപടിയിൽ കെ-സ്മാർട്ടിൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

ഫയൽ നം. SC3-4086/2024 (03/07/2024) പ്രകാരം ശ്രീ. ഗോപിനാഥൻ മാരാർ എന്ന വ്യക്തി ഗ്രാമപഞ്ചായത്തിന്റെ 12-ാം വാർഡിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിൽ 349 C, 349 D എന്നീ കടമുറികൾ നിലവിലുള്ളതായും ഇവയിൽ 349 C എന്ന നമ്പരിലുള്ള കടമുറി രണ്ടായി വിഭജിച്ച് നമ്പർ അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു (അപേക്ഷ തീയതി-03.06.2024). അപേക്ഷ പരിഗണിച്ച് 349 E എന്ന നമ്പർ കൂടി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നമ്പറിംഗ് ഫയൽ, സഞ്ചയ അസ്സെസ്‌മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ, മുറി വിഭജിച്ച് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ എന്നിവ പരിശോധിച്ചതിൽ ഫയലുകളിലെ വിവരങ്ങൾ തമ്മിൽ പൊരുത്തക്കേടുകളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം./ തീയതി | അപേക്ഷകൻ | വിസ്തീർണ്ണം | റിമാർക്ക്സ് | |
|---|---|---|---|---|
| 1433/2022/ 05.07.2022 | ഗോപിനാഥൻ മാരാർ | 101.36 ച.മീ. | പെർമിറ്റ് അപേക്ഷ- പെർമിറ്റഡ് ഏരിയ | |
| 9418/2023/ 04.12.2023 | | 349 C – 63.19 ച.മീ.<br>349 D – 33.88 ച.മീ.<br>ആകെ – 97.07 ച.മീ. | (നിർമ്മാണം പൂർത്തിയായത്) തീയതി – 18.01.2024 | നമ്പറിംഗ് ഫയൽ |
| 4086/2024/ 03.07.2024 | | 349 C – 33.35<br>349 D – 33.88<br>349 E – 35.93<br>ആകെ – 103.16 ച.മീ. | തീയതി – 19.07.2024 | വിഭജിച്ച് നമ്പർ അനുവദിച്ച ഫയൽ |

കെട്ടിടത്തിലെ 349 C കടമുറി വിഭജിച്ച് നമ്പർ അനുവദിച്ചപ്പോൾ മുൻപുണ്ടായ വിസ്തീർണ്ണം വർദ്ധിച്ചതായാണ് കാണുന്നത്. ആയത് പ്രകാരമുള്ള അധിക നിർമ്മാണം ക്രമവൽകരിച്ചതിന്റെ

വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന ക്രമവത്കരണ ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പെർമ്മിറ്റ് ഏരിയ – 101.36 ച.മീ

കംപ്ലീറ്റഡ് ഏരിയ – 103.16 ച.മീ

അധിക നിർമ്മാണം- 103.16-101.36 = 1.8 ച.മീ

ഈടാക്കേണ്ട ഫീസ് = 1.80x40 രൂപx2=144 രൂപ (30.07.2024 ലെ സ.ഉ.(കൈ) നം.97/2024/LSGD പ്രകാരം വാണിജ്യാവശ്യം 0-150 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് 40 രൂപ)

അധിക നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവത്കരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13-1 വിഭജിച്ച് നമ്പർ നൽകിയ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. നമ്പർ 12/349 C, 349 D, 349 E എന്നീ കെട്ടിടങ്ങൾ വിഭജിച്ച് നമ്പർ അനുവദിച്ചെങ്കിലും ഉപയോഗക്രമത്തിൽ മാറ്റം വന്നിട്ടില്ല എന്നതിനാലും ആകെ വിസ്തീർണ്ണം 103.16 ച.മീ ആയതിനാലും കെട്ടിടത്തിനെ വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ എന്ന ഗണത്തിൽപ്പെടുത്തി ഭരണസമിതിയുടെ 18.10.2023 ലെ 4(1) തീരുമാനപ്രകാരം ചതുരശ്ര മീറ്ററിന് 80 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. നിലവിൽ 50 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിനാൽ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| കെട്ടിട നമ്പർ | 12/349 C, 349 D, 349E | | |
| നികുതി പ്രാബല്യത്തിൽ വന്നത്/ നികുതി നിർണ്ണയിച്ച തീയതി | 2024 ഒന്നാം അർദ്ധ വർഷം/19.07.2024 | | |
| ഉടമസ്ഥൻ | വി. ജി. രാജീവ് (ശ്രീ. ഗോപിനാഥൻ മാരാരുടെ മകൻ) | | |
| വിസ്തീർണ്ണം (ച.മീ) | 103.16 (33.35 + 33.88 + 35.93) | | |
| | നിർണ്ണയിച്ച നികുതി | നിർണയിക്കേണ്ട നികുതി | കുറവ് |
| നിരക്ക് | 52.5 | 84 | |
| അടിസ്ഥാന വസ്തു നികുതി | 5416 | 8665 | 3250 |
| ഇളവുകൾ (10% - മേഖല) | 542 | 867 | 325 |
| വർദ്ധനവുകൾ (20 % - വഴി സൗകര്യം) | 1083 | 1733 | 650 |
| സർവ്വീസ് ചാർജ്ജ് - 11% | 596 | 953 | 357 |
| ആകെ | 6553 | 10485 | 3932 |

(2024-25 വർഷത്തെ നികുതി വർദ്ധനവ് (5%) ഉൾപ്പെടെയുള്ള നിരക്കാണ് പട്ടികയിൽ കാണിച്ചിരിക്കുന്നത്.) അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ഈടാക്കേണ്ടതും കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 കരാറുകാരുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയില്ല.

അയ്മനം ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2024-25 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | 2024-25 ലെ കരാറുകാരുടെ പേരു വിവരം |
|---|---|
| 1 | പ്രിൻസ് പ്രകാശ് |
| 2 | ദേവി കൺസ്ട്രക്ഷൻ |
| 3 | റോജി സേവ്യർ |
| 4 | സുധാകരൻ കെ.ഡി |
| 5 | റോബി സേവ്യർ |
| 6 | രതീഷ് പി.എസ് |
| 7 | J&A Construction |
| 8 | നിധിൻ മാത്യു |
| 9 | ജാവിർ മേത്തർ |
| 10 | സുരേഷ് കുമാർ പി.ആർ |
| 11 | ഷാനെറ്റ് എ ജോർജ്ജ് |
| 12 | ജോഷി ചാണ്ടി |

കരാറുകാരുടെ തൊഴിൽ നികുതി അതത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ.21/2.12.2025) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയില്ല.

2024-25 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ/ഡിമാന്റ് നോട്ടീസ് എന്നിവ പരിശോധിച്ചതിൽ താഴെ പേര് ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധ വർഷം | ടേണോവർ അടിസ്ഥാനത്തിലുള്ള നികുതി/ അർദ്ധ വർഷം |
|---|---|---|---|
| 1 | യു. പി. സ്കൂൾ പരിപ്പ് | 2-ാം അർദ്ധ വർഷം | |
| 2 | സെന്റ്.മേരീസ് യു.പി.സ്കൂൾ കുടമാളൂർ | 2-ാം അർദ്ധ വർഷം | |

| | | | |
|---|---|---|---|
| 3 | കാനറ ബാങ്ക് അയ്മനം | | 2-ാം അർദ്ധ വർഷം |
| 4 | എസ്.ബി.ഐ അയ്മനം | | 1, 2 അർദ്ധ വർഷം |
| 5 | വില്ലേജ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | | 1, 2 അർദ്ധ വർഷം |
| 6 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് കുടമാളൂർ | | 1,2 അർദ്ധ വർഷം |
| 7 | V Care Diagonostic Kudamaloor | 1,2 അർദ്ധ വർഷം | |
| 8 | പൊൻമാങ്കൽ ഫ്യൂവൽ സ്റ്റേഷൻ | 1,2 അർദ്ധ വർഷം | |
| 9 | T.S നമ്പർ 59 താമരക്കുളം | 2-ാം അർദ്ധ വർഷം | |
| 10 | T.D.B സ്റ്റാഫ് | 2-ാം അർദ്ധ വർഷം | |
| 11 | റിലയൻസ് ജിയോ പോയിന്റ് സ്റ്റോർ | 2-ാം അർദ്ധ വർഷം | |
| 12 | കൊശമറ്റം ഫിനാൻസ് പരിപ്പ്, കുടയംപടി | | 1, 2 അർദ്ധ വർഷം |
| 13 | മോർ സൂപ്പർ മാർക്കറ്റ് | 2-ാം അർദ്ധ വർഷം | 2-ാം അർദ്ധ വർഷം |
| 14 | കിംസ് ബെൽറോസ് | | 2-ാം അർദ്ധ വർഷം |
| 15 | ഗ്ലോറി റബർ പ്രൈ ലിമിറ്റഡ് | 1, 2 അർദ്ധ വർഷം | |
| 16 | സെന്റ് ജോൺസ് ഹോസ്പിറ്റൽ ഒളശ്ശ | | 1, 2 അർദ്ധ വർഷം |
| 17 | മരിയാതുരുത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | | 2-ാം അർദ്ധ വർഷം |
| 18 | ശുഭ് കിരൺ ക്യാപിറ്റൽ പ്രൈ. ലിമിറ്റഡ് | | 2-ാം അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/ടേണോവർ അടിസ്ഥാനത്തിലുള്ള നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/2.12.2025) മറുപടി നൽകിയില്ല. നികുതി യഥാമയം ഡിമാന്റ് ചെയ്ത് ഈടാക്കാതിരിക്കുന്നത് തനത് വരുമാനത്തിൽ കുറവ് വരുമെന്നതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ടേണോവർ അടിസ്ഥാനത്തിലുള്ള നികുതിയും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വാടകയ്ക്ക് ആനുപാതികമായി വാടക നിക്ഷേപം ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്ന കുത്തകക്കാരിൽ നിന്നും വാടകയ്ക്ക് ആനുപാതികമായി വാടകനിക്ഷേപം സ്വീകരിച്ചിട്ടില്ലെന്ന് 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ 2024-25 വർഷത്തിലും ആനുപാതിക വാടക നിക്ഷേപം സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുറി നം/വാടകക്കാരൻ | പ്രതിമാസ വാടക | നിലവിലെ വാടക നിക്ഷേപം |
|---|---|---|---|
| 1 | 13/368 – രത്നമ്മ ഉഷസ് | 2263 | 878 |
| 2 | 13/369 – സുമിത കെ എസ് | 1548 | 608 |
| 3 | 13/370 – ദീനാമ്മ മാത്യു | 1580 | 618 |
| 4 | 13/371 – ശോഭന കെ ആർ | 1913 | 747 |
| 5 | 13/372 – ഉഷാ പ്രകാശൻ | 2035 | 795 |
| 6 | 13/373 – ത്രേസ്യാമ്മ തോമസ് | 2582 | 1012 |
| 7 | 4/398 – റേയ്മോൻ തോമസ് | 932 | 366 |
| 8 | 4/399 – പ്രസിഡന്റ്,<br>കൃസ്ത്യൻ സ്വയംസഹായ സംഘം | 970 | 380 |
| 9 | 4/400 – ടെൽന ബിനോയ് | 970 | 380 |

| | | | |
|---|---|---|---|
| 10 | 4/401 – ടെൽന ബിനോയ് | 954 | 383 |
| 11 | 4/402 - കുഞ്ഞുമോൻ | 954 | 383 |
| 12 | 4/403 - റജിമോൻ | 954 | 383 |
| 13 | 4/403 - പ്രസിഡന്റ്, ക്രിസ്ത്യൻ സ്വയംസഹായ സംഘം | 1369 | 516 |

വാടകനിക്ഷേപം ആനുപാതികമായി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/3.12.2025) 2023-24 വർഷത്തെ ഓഡിറ്റ് ഓഗസ്റ്റ് 2024 ൽ ആണ് നടന്നതെന്നും ആയതിനാൽ 2025-26 വർഷം മുതൽ ആനുപതികമായി വാടക നിക്ഷേപം സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ബന്ധപ്പെട്ട കുത്തകക്കാരിൽ നിന്നും സ്വീകരിച്ച വാടക നിക്ഷേപം നിക്ഷേപ ശീർഷകത്തിൽ വരവ് വച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 361 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിച്ച് വരുന്നത്. എന്നാൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് അനുസരിച്ച് 459 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/3.12.2025) മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233, 234 വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ചട്ടങ്ങളുടെ അനുബന്ധമായുള്ള 1-ാം പട്ടികയിൽ പരാമർശിക്കുന്ന പ്രവർത്തനങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് അനിവാര്യമാണ്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-18 സ്ഥിരനിക്ഷേപ പലിശയിൽ നിന്നും കിഴിവ് ചെയ്ത ആദായനികുതി തിരികെ ലഭ്യമായില്ല

എസ്.ബി.ഐ.അയ്മനം ശാഖയിൽ സ്ഥിരനിക്ഷേപമായി ഇട്ട തുകയ്ക്ക് (അക്കൗണ്ട് നം.42660663113 /02.02.2024) 2024-25 വർഷത്തിൽ ലഭ്യമായ പലിശയിൽ നിന്നും ആദായനികുതി റ്റി.ഡി.എസ് ഇനത്തിൽ തുക കുറവ് ചെയ്തതായി സ്ഥിരനിക്ഷേപ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥിരനിക്ഷേപ നം / ആരംഭിച്ച തീയതി | നിക്ഷേപിച്ചിരുന്ന തുക | ലഭ്യമായ പലിശ | റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക | പലിശയിനത്തിൽ ലഭിച്ച ബാലൻസ് തുക |
|---|---|---|---|---|
| എസ്. ബി. ഐ. അയ്മനം 42660663113/ 02.02.2024 | 5000000/- | 459461/ | 99749/- | 359712/ |
| ആകെ | | | 99749/- | |

1961 ലെ ആദായനികുതി നിയമം സെക്ഷൻ 10 (20) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തെ ആദായനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭ്യമാകുവാൻ അർഹതയുള്ളതായി കാണുന്നു. ബാങ്ക് റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/02.06.25) ആദായനികുതിയിൽ കുറവ് ചെയ്ത തുക തിരികെ ലഭിയ്ക്കുന്നതിന് സത്വര നടപടികൾ

സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആദായനികുതി റ്റി.ഡി.എസ് ഇനത്തിൽ ബാങ്ക് കുറവ് ചെയ്ത **99749/-** രൂപ തിരികെ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ജനറേറ്റർ-ഇന്ധനത്തിന്റെ വിനിയോഗം/മെയിന്റനൻസ് സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രകാരം ചെലവുകളുള്ളതായി കാണുന്നു.

| ക്രമ നം | വൗച്ചർ നമ്പർ | തീയതി | തുക | വിശദാംശം |
|---|---|---|---|---|
| **1** | **22400281** | **20.06.2024** | **3793/-** | ഇന്ധന ചെലവ് |
| **2** | **22400600** | **12.09.2024** | **5000/-** | ഇന്ധന ചെലവ് |
| **3** | **22400993** | **11.12.2024** | **2846/-** | ഇന്ധന ചെലവ് |
| **4** | **22401294** | **22.02.2025** | **8260/-** | റിപ്പയർ |
| **5** | **22400495** | **22.08.2024** | **5630/-** | ഓയിൽ ചെയ്ഞ്ച് |

ജനറേറ്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ലോഗ് ബുക്ക്/രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(11/29.11.2025)** നിലവിൽ ലോഗ് ബുക്ക്/രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലായെന്നും തുടർവർഷങ്ങളിൽ ആയത് പരിപാലിക്കുന്നതാണെന്നും അറിയിച്ചു. ജനറേറ്ററുമായി ബന്ധപ്പെട്ട ഇന്ധന ഉപഭോഗം, അറ്റകുറ്റപ്പണികൾ എന്നിവ കൃത്യമായി രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 മഴക്കാലപൂർവ്വശുചീകരണം - അഡ്വാൻസ് ക്രമീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തകൾക്കായി താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം ഓരോ വാർഡിലേയ്ക്കുമായി **20000/-** രൂപ വീതം **(20x20000=400000/-** രൂപ**)** അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| **1** | **22400197** | **30.05.2024** | **200000/-** |
| **2** | **22400199** | **30.04.2024** | **200000/-** |

ക്രമനം **1** പ്രകാരമുള്ള **200000/-** രൂപ ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്ന് മുൻകൂറായി നൽകിയതാണ്. മേൽ തുക റീഫണ്ട് ചെയ്തെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.**10/29.11.2025**) മറുപടി ലഭ്യമാക്കിയില്ല. തുക റീഫണ്ട് ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മുൻകൂർ തുകയായ **200000/-** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 അർഹതയില്ലാത്ത ന്യൂട്രീമിക്സ് യൂണിറ്റിന് ജി.എസ്.ടി. അനുവദിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര് | അംഗൻവാടി പോഷകാഹാരം |
| പദ്ധതിയുടെ നമ്പർ | **S0003/25** |
| അടങ്കൽ | **2508517/-** രൂപ<br>(വികസന ഫണ്ട് (ജനറൽ) – **508517/-**രൂപ<br>കേന്ദ്രാവിഷ്കൃത ഫണ്ട്-**2000000/-** രൂപ) |
| ചെലവ് | **2488151/-** രൂപ<br>(വികസന ഫണ്ട് (ജനറൽ) – **508517/-,**<br>കേന്ദ്രാവിഷ്കൃത ഫണ്ട്- **1979634/-)** |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

മേൽ പ്രോജക്ക് പ്രകാരം തീർത്ഥം & ഭദ്രദീപം എന്ന ന്യൂട്രീമിക്സ് യൂണിറ്റിന് അമൃതം ന്യൂട്രീമിക്സ് വാങ്ങിയ ഇനത്തിൽ വിവിധ ഇൻവോയ്സുകൾ പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ആകെ **588807/-** രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./ തീയതി | തുക | ജി.എസ്.ടി (എസ്. ജി. എസ്. ടി. + സി. ജി. എസ്. ടി.) | ആകെ തുക | തുക കൈമാറിയ ബിൽ നം./ തീയതി |
|---|---|---|---|---|
| **236/24.05.2024** | **77070** | **3853** | **80923** | **98/ 22.08.2024** (വികസന ഫണ്ട്) |
| **159/17.07.2024** | **88900** | **4445** | **93345** | **145/09.09.2024** (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| **169/19.09.2024** | **76440** | **3822** | **80262** | **248/21.10.2024** (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| **176/28.10.2024** | **89915** | **4496** | **94411** | **390/27.12.2024** (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| **182/03.12.2024** | **77490** | **3874** | **81364** | **492/07.02.2025** (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| **190/27.01.2025** | **83545** | **4177** | **87722** | **492/07.02.2025** (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| **196/27.02.2025** | **67410** | **3370** | **70780** | **711/21.03.2025** (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ആകെ | **560770** | **28037** | **588807** | |

സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടുള്ള ഇൻവോയ്സുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നം.**32AAJFT3302R2ZZ** എന്നതാണ്. പ്രസ്തുത നമ്പർ ജി.എസ്.ടി വെബ് സൈറ്റിൽ **(Https://Services.Gst.Gov.In/Services/Searchtp)** പരിശോധിക്കുമ്പോൾ ഇൻവാലിഡ് നമ്പർ എന്ന വിവരമാണ് ലഭ്യമാകുന്നത്. സ്ഥാപനത്തിന് സാധുതയുള്ള ജി.എസ്.ടി .രജിസ്ട്രേഷൻ ഉണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. അസാധുവായ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയ ഇൻവോയ്സുകൾ പ്രകാരം സ്ഥാപനത്തിന് **28037/-** രൂപ **(5%)** ജി.എസ്.ടി. ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ടി നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(നം.12/29.11.2025)** ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിന് കത്ത് നൽകി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. **2017** ലെ സി.ജി.എസ്.ടി നിയമം സെക്ഷൻ **32 (1)** പ്രകാരം ജി.എസ്.ടി രജിസ്റ്റ്രേഷൻ ഇല്ലാത്ത വ്യക്തി/സ്ഥാപനം സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയും വിതരണത്തിൽ നിന്ന് നികുതിയായി ഏതെങ്കിലും തുക പിരിക്കാൻ പാടുള്ളതല്ല. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ സ്ഥാപനത്തിന് നൽകിയ തുക തിരികെ ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്. ജി.എസ്.ടി ഇനത്തിൽ ചെലവഴിച്ച **28037/-** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 അഭിഭാഷകന് നൽകുന്ന പ്രതിഫലത്തിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| **420400678 (ILGMS)** | **29.10.2024** | **30000/-** |
| **420400678 (ILGMS)** | **30.03.2025** | **7500/-** |

ഗ്രാമപഞ്ചായത്തിന് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിൽ ഹാജരായി തുടർനടപടികൾ സ്വീകരിച്ചതിന് പ്രതിഫലമായി അഡ്വ. സുരിൻ ജോർജ്ജ് ഐപ്പിന് **37500/-** മേൽ വൗച്ചർ പ്രകാരം നൽകിയതായി കാണുന്നു. **1961**-ലെ ആദായനികുതി നിയമം വകുപ്പ് **194(ജെ)** പ്രകാരം വക്കീൽ ഫീസിനത്തിൽ ഒരു അഭിഭാഷകന് നൽകുന്ന തുക **30000/-** രൂപയിൽ അധികമാവുകയാണെങ്കിൽ **10%** ആദായ നികുതി ഇനത്തിൽ സ്രോതസിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ടി.ഡി.എസ് ആയി നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(14/29.11.2025)** ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ നികുതി സ്രോതസിൽ നിന്നും കുറവു ചെയ്തിട്ടില്ലെന്ന് അറിയിച്ചു. നിയമപ്രകാരമുള്ള ആദായനികുതി സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ച 18 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

അയ്മനം ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിന് നൽകിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണത്തിന് ഏൽപിച്ച പുതിയ പ്രോജക്ടുകൾ | നിർവ്വഹണത്തിന് ഏൽപിച്ച സ്പിൽഓവർ പ്രോജക്ടുകൾ | നിർവ്വഹണം പൂർത്തീകരിച്ച പുതിയ പ്രോജക്ടുകൾ | നിർവ്വഹണം പൂർത്തീകരിച്ച സ്പിൽഓവർ പ്രോജക്ടുകൾ |
|---|---|---|---|
| 113 | 92 | 42 | 74 |

അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ച 92 സ്പിൽ ഓവർ പ്രോജക്ടുകളിൽ 74 എണ്ണം മാത്രമാണ് തൻ വർഷം പൂർത്തീകരിച്ച് ബില്ല് മാറിയിട്ടുള്ളത്. 18 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷം നിർവ്വഹണം നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ സ്പിൽ ഓവർ ഉൾപ്പടെയുള്ള റോഡ് പ്രവൃത്തികൾ ആരംഭിക്കാത്തത് സംബന്ധിച്ച് അംഗങ്ങൾ ആക്ഷേപമുന്നയിക്കുകയും, ഇത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് AE, LID & EWവിനെ ചുമതലപ്പെടുത്തിക്കൊണ്ട് 30.9.24 ലെ 1(1)-ാം നമ്പർ തീരുമാനം എടുത്തിരുന്നു. പ്രസ്തുത കമ്മിറ്റിയിൽ പ്രവൃത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർമാരുടെ യോഗം വിളിക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. പ്രോജക്ടുകൾ വേണ്ട മുന്നൊരുക്കത്തോടെ വിഭാവനം ചെയ്യാത്തത് കൊണ്ടാണ് സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത്. സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/29.11.25) ലഭ്യമാക്കിയ മറുപടിയിൽ സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളെ അപേക്ഷിച്ച് പദ്ധതികളുടെ എണ്ണവും, ലഭ്യമായ ഫണ്ടും വളരെ കൂടുതലാണെന്നും വാർഷിക പദ്ധതി കൂടാതെ പെർമിറ്റ്, നമ്പറിംഗ് ഫയലുകളുടെ ബാഹുല്യവും, മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ വാല്യൂവേഷൻ, പരാതികൾ തുടങ്ങിയ മറ്റ് അനുബന്ധ ജോലികളും നിർവ്വഹിക്കേണ്ടതായിട്ടുണ്ടെന്നും വ്യക്തമാക്കി. 18 സ്പിൽ ഓവർ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക തൻവർഷം ചെലവഴിച്ചിട്ടില്ല. സ്പിൽ ഓവർ ആയി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ തൻ വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കാലി ബാരൽ വിലയും, ജി.എസ്.ടിയും തനത് ഫണ്ട് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കിയ കാലി ബാരലുകളുടെ വിലയും, ജി.എസ്.ടി.യും തനത്ഫണ്ട് അക്കൗണ്ടിൽ (A/C No. 799013000000672) ക്രെഡിറ്റ് ചെയ്തിരിക്കുന്നു.

| പ്രോജക്ട് നം./പേര് | ഫണ്ടിനം | ബാരൽ വില/ ജി.എസ്.ടി | തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി |
|---|---|---|---|
| S0331/25, ശ്രീ ശക്തീശ്വരം കോക്കനട്ട് ലഗൂൺ റോഡ് ടാറിംഗ് വാർഡ് 20 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7140 + 1286 = 8426 | 31.12.24 |

കാലി ബാരലുകളുടെ വിലയും, ജി.എസ്.ടിയും സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/2.12.25) നൽകിയ മറുപടിയിൽ തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള കാലി ബാരൽ വിലയും, ജി.എസ്.ടി യും ടി ഫണ്ടിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കാലിബാരൽ വിലയും, ജി. എസ്. ടി. യും നിശ്ചിത ശീർഷകത്തിൽ അടവാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-25 നിക്ഷേപപ്രവൃത്തികൾ- കരാർചമയ്ക്കാതെ തുക കൈമാറി - പ്രവൃത്തികളുടെ

പൂർത്തീകരണവിവരവും വിനിയോഗസാക്ഷ്യപത്രും ലഭ്യമായിട്ടില്ല.

**2024-25** വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികൾക്കായി കെഎസ്ഇ ബി-യിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്ട്/ പ്രവൃത്തി | എസ്റ്റിമേറ്റ് പ്രകാരം അടവാക്കിയ തുക | ബിൽ നമ്പർ | ഇലക്ട്രിക്കൽ സെക്ഷൻ |
|---|---|---|---|---|
| **1** | **S0347/25** – പരിപ്പ്-തൊള്ളായിരം റോഡ് - പുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ | **4,15,549/-** (വികസന ഫണ്ട്- ജനറൽ) | **475/ 21-11-24** | കുമരകം |
| **2** | **S0251/25** – പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇലക്ട്രിക് പോസ്റ്റ് മാറ്റൽ<br>**1)**നാലുതോട് പാലത്തിന് പടിഞ്ഞാറ്- ഫിഷറീസ് വകുപ്പ് റോഡ് - **32099/-**<br>**2) ,, - 84788/-**<br>**3)** വലിയ മടക്കുഴി -ചീപ്പുങ്കൽ റോഡ് നിർമ്മാണം - **38371/-**<br>ആകെ - **155258/-** | **155258/-** (തനതു ഫണ്ട്) | **250/ 25-10-24** | കുമരകം |
| **3** | **S0129/25** – എസ് സി സാംസ്കാരിക നിലയം വയറിംഗ് | **250000/-** (വികസന ഫണ്ട്- എസ് സി പി) | **686/ 11-2-25** | പൊതുമരാമത്ത്, ഇലക്ട്രിക്കൽ വിഭാഗം, കോട്ടയം |
| **4** | **S0250/25** – വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റലും സ്ട്രീറ്റ് ലൈൻ വലിക്കലും | **1524023/-**(സിഎഫ് സി )<br>**142462/-**(സിഎഫ് സി )<br>**743711/-**(സിഎഫ് സി )<br>ആകെ-**24,10,196** | **419/ 4-1-25**<br>**419/ 4-1-25**<br>**446/ 17-1-25** | അയ്മനം<br>ഗാന്ധിനഗർ<br>കുമരകം |
| | ആകെ | **32,31,003/-** | | |

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകകകൾ നിർവ്വഹണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിലേക്ക് കൈമാറി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങളും വ്യവസ്ഥകളും ഉൾപ്പെടുത്തി ബന്ധപ്പെട്ട നിർവ്വഹണ സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ലാത്തതാണ്. കൂടാതെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിവരം, കൈമാറിയ തുകയിൽ പ്രവൃത്തിക്കായി യഥാർത്ഥത്തിൽ ചെലവഴിച്ച തുക, പ്രോജക്ടുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യവുമല്ല. **10-03-2023** ലെ സ.ഉ.(കൈ) നം.**45/2023**/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കാത്തതും കരാർ ചമച്ചിട്ടില്ലാത്തതും സംബന്ധിച്ച് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം- **8/29-11-25**) മറുപടി ലഭ്യമാക്കിയില്ല.

സാംസ്കാരിക നിലയം വയറിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചെങ്കിലും പൂർത്തീകരണ സാക്ഷ്യപത്രവും ചെലവു തുകയുടെ വിനിയോഗ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ കാരണങ്ങളാൽ പട്ടിക പ്രകാരമുള്ള നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച **32,31,003/-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികളുടെ

പൂർത്തീകരണ സാക്ഷ്യപത്രം, കൈമാറിയ തുകകളുടെ വിനിയോഗ വിശദാംശങ്ങൾ, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-26 വെള്ളക്കരമിനത്തിൽ ലക്ഷക്കണക്കിന് രൂപയുടെ ബാധ്യത - കുടിശ്ശിക അടവാക്കാൻ സിഎഫ് സി ഗ്രാന്റ് വിനിയോഗിച്ചു.

ഗ്രാമപ്പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി തൻവർഷം സ്പിൽഓവർ ഉൾപ്പെടെ ചുവടെ ചേർക്കും പ്രകാരം സിഎഫ് സി ടൈഡ് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുകയും **30,00,000/-** രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ/വൗച്ചർ നമ്പർ |
|---|---|---|---|
| S0248/25 (സ്പിൽ ഓവർ) | 1,15,464/- | 1,15,464 /- | Xvfc/2024-25/P/63/3-3-25 |
| 152/25 | 22,43,600/- ,, | 16,84,536/- | Xvfc/2024-25/P/65 /3-3-25 |
| 249/25 | 1200000/- ,, | 10,80000/-<br>1,20000/- | Xvfc/24-25/P/64/3-3-25<br>Xvfc/24-25/P/66/5-3-25 |
| | 35,59,064/- | 30,00000/- | |

വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ **30-1-25**-ലെ **AB4/64/12** നമ്പർ കത്ത് പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ **77,97,220/-** രൂപ കുടിശ്ശികയുണ്ടെന്നും പൊതു ടാപ്പുകളുടെ വിച്ഛേദന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിച്ഛേദനത്തിനുള്ള ഡെപ്പോസിറ്റ് തുക അടവാക്കിയ തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ കുടിശ്ശിക പുനക്രമീകരിച്ച് നൽകുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കത്തിന്റെ അടിസ്ഥാനത്തിൽ വിഷയം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കാതിരുന്നാൽ പദ്ധതി വിനിയോഗത്തിനായി ലഭ്യമാകുന്ന പ്ലാൻ ഫണ്ടിൽ നിന്നും ടി തുക കുറവു ചെയ്യുന്നതിന് സാധ്യത ഉണ്ടെന്ന് വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കാൻ തൻവർഷത്തെ **3** പദ്ധതികളിൽ നിന്നായി **30** ലക്ഷം രൂപ അടിയന്തിരമായി അടവാക്കുന്നതിന് തീരുമാനിക്കുകയും മേൽപ്പട്ടികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം തുക അടവാക്കുകയും ചെയ്തു. വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട്ഫയലുകൾ പരിശോധിച്ചതിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ മാത്രം അടിസ്ഥാനത്തിൽ യഥാർത്ഥ ഡിമാന്റ് തുക നിർണ്ണയിക്കുന്നതിൽ വാട്ടർ അതോറിറ്റിയും വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് കണക്കുകളിലെ അവ്യക്തത പരിഹരിച്ച് വെള്ളക്കരം യഥാസമയം അടവാക്കുന്നതിൽ സമയബന്ധിതമായി നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കാതിരുന്നതിനാലാണ് പിഴപ്പലിശ ഉൾപ്പെടെ ഭീമമായ തുക കുടിശ്ശിക ഉണ്ടായതെന്ന് വ്യക്തമായി. പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)കുടിശ്ശിക ഡിമാന്റിലെ അവ്യക്തത പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചില്ല.

**12/21** മുതൽ **3/22** വരെയുള്ള നാലു മാസങ്ങളിലെ വെള്ളക്കരം **428176/-** രൂപ മുൻകൂറായി വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ഇപ്രകാരം മുൻകൂറായി തുക അടവാക്കിയത് ശരിയായ നടപടിയല്ലെന്നും മുൻകൂറായി സർക്കാർ ഫണ്ട് പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്യുന്നത് ജി.ഒ.(പി) നം.**177/2006/ 12/04/2006** ന്റെ ലംഘനമാണെന്നും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും **2021-22** വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ് **(ഖ1-30)**, ഇതിൽനിന്നും **31-3-22** വരെയുള്ള കാലയളവിൽ വെള്ളക്കരമിനത്തിൽ കുടിശ്ശികയൊന്നും ഇല്ലായിരുന്നുവെന്ന് വ്യക്തമാണ്.

2) ടാപ്പുകൾ വിച്ഛേദിക്കുന്ന പ്രവൃത്തി യഥാസമയം നടപ്പാക്കിയില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കലുമായി ബന്ധപ്പെട്ട് സംയുക്തപരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് **17-2-23-** തീയതിയിൽ കത്ത് നൽകിയിരുന്നെങ്കിലും വാട്ടർ അതോറിറ്റി സഹകരിക്കാതിരുന്നതിനാൽ വിഷയം **31-3-23**-ലെ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്യുകയും **(അജണ്ട-4/1)** പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും എല്ലാ കുടുംബങ്ങളിലും മെയ് **31** ന് മുൻപ് ജലനിധി/

ജലജീവൻ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയതിനു ശേഷം പഞ്ചായത്തിലെ മുഴുവൻ പൊതുടാപ്പുകളും വിച്ഛേദിക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് കണക്ഷൻ ലഭ്യമായ എല്ലാ വീടുകളുടേയും ലിസ്റ്റ് വാട്ടർ അതോറിറ്റിയിൽനിന്നും വാങ്ങുകയും ചെയ്തു. പ്രസ്തുത ലിസ്റ്റ് പ്രകാരം **1,2,12,15,16** വാർഡുകളൊഴികെ മറ്റെല്ലാ വാർഡുകളിലും കൂടി **160** കണക്ഷനുകൾ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് പല തവണ അറിയിപ്പ് നൽകിയിരുന്നെങ്കിലും പ്രതികരണം ലഭിക്കാതിരിക്കുകയും തുടർന്ന് **4-9-23**-ൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തതിനെതുടർന്ന് **160** ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള **238000/-** രൂപയുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ **17-11-23**-ലെ **DB1/917/Phpk/23-24** നമ്പർ കത്ത് പ്രകാരം ലഭ്യമാക്കുകയും **28-11-23**- ൽ പഞ്ചായത്ത് തനതുഫണ്ടിൽനിന്നും തുക അടവാക്കുകയും ചെയ്തിരുന്നു. എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗസാക്ഷ്യപത്രവും വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമായിട്ടുള്ളപക്ഷം ആയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-**24/2-12-25**) നൽകിയിരുന്നതിന് രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ നാളിതുവരെ വാട്ടർ അതോറിറ്റി പ്രവൃത്തി നടപ്പാക്കിയിട്ടില്ലെന്നും ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ അന്വേഷിച്ചതിൽ ടാപ്പുകൾ വിച്ഛേദിക്കുന്നതിന് പൊതുജനങ്ങളുടെ എതിർപ്പുണ്ടെന്നും വാട്ടർ അതോറിററി അറിയിച്ചതായും എന്നാൽ ഇപ്രകാരം എതിർപ്പുള്ളതായി എന്തെങ്കിലും പരാതികൾ ജനങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ലായെന്നും എക്സിറ്റ് മീറ്റിംഗിൽ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

**3) ഡെപ്പോസിറ്റ് തുക പഞ്ചായത്തിന്റെ കുടിശ്ശിക കണക്കിൽ ക്രമീകരിച്ചു നൽകിയിട്ടില്ല**

ടാപ്പുകൾ വിഛേദിക്കുന്നതിന് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പഞ്ചായത്ത് അടവാക്കിയെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണ വിവരവും കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കാത്തതിനാൽ ആയത് ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റിക്ക് **5-1-24** ൽ കത്ത് നൽകിയിരുന്നു. ആയതിനുള്ള മറുപടിയിൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരികയാണെന്നും പഞ്ചായത്ത് അടവാക്കാനുള്ള വെള്ളക്കര കുടിശ്ശിക അടവാക്കുന്ന മുറയ്ക്ക് വിച്ഛേദിക്കലിനായി ഡെപ്പോസിറ്റ് തുക അടവാക്കിയ തീയതി പ്രാബല്യത്തിൽ ഗ്രാമപ്പഞ്ചായത്തിന്റെ വെള്ളക്കര കുടിശ്ശിക ക്രമീകരിച്ച് കുടിശ്ശിക കണക്ക് പുനർനിർണ്ണയിച്ച് നൽകുന്നതാണെന്ന് വാട്ടർ അതോറിറ്റിയിൽനിന്നും രേഖാമൂലം അറിയിക്കുകയുണ്ടായി (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ **30-1-25** -ലെ **AB4/64/12**നമ്പർ കത്ത്). ആയതു പ്രകാരം കുടിശ്ശിക കണക്കുകൾ ഡെപ്പോസിറ്റ് അടവാക്കിയ തീയതി പ്രാബല്യത്തിൽ ക്രമീകരിച്ച് നൽകിയിട്ടുണ്ടോയെന്ന വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് രേഖാമൂലം മറുപടി ലഭിച്ചില്ല. എന്നാൽ എക്സിറ്റ് മീറ്റിംഗിൽ നാളിതുവരെ ഡെപ്പോസിറ്റ് പ്രവൃത്തി നടപ്പാക്കുകയോ കുടിശ്ശിക ക്രമീകരിച്ചു നൽകുകയോ ചെയ്തിട്ടില്ലെന്ന് വിശദീകരണം നൽകി.

**4) കുടിശ്ശിക അടവാക്കാൻ സിഎഫ് സി ഫണ്ട് വിനിയോഗിച്ചു.**

കുടിവെള്ളം, ശുചിത്വം മുതലായ അടിസ്ഥാന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ആസ്തി സൃഷ്ടിക്കലിന് സിഎഫ് സി ടൈഡ്ഫണ്ട് ചെലവഴിക്കാവുന്നതാണെന്ന് പ്രസ്തുത ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവുകളിൽ (തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പിന്റെ സ.ഉ. (കൈ) നം-**103/2020/**തസ്വഭവ **30.6.20** ഖണ്ഡിക **5.3**) വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ട വെള്ളക്കരം അടവാക്കലിന് തനതുഫണ്ടോ ജനറൽ പർപ്പസ് ഫണ്ടോ വിനിയോഗിക്കാമെന്നിരിക്കെ ഈ ഇനത്തിലുള്ള കുടിശ്ശിക അടവാക്കുന്നതിന് സി എഫ് സി ടൈഡ് ഫണ്ടാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിന് പ്രത്യേകാനുമതി ലഭ്യമായിട്ടുള്ളപക്ഷം വിവരം രേഖാമൂലം ലഭ്യമാക്കണമെന്നും ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ രേഖാമൂലമുള്ള മറുപടി ഇക്കാര്യത്തിലും ലഭ്യമായിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ കുടിവെള്ള സ്രോതസ്സുകൾ പോലുള്ള ആസ്തി സൃഷ്ടിക്കലിന് പ്രോജക്ട് ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും ഇങ്ങനെയുള്ള സംഗതികളിൽ കുടിവെള്ളവിതരണവുമായി

ബന്ധപ്പെട്ട ചെലവുകൾക്ക് സിഎഫ് സി ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനമുള്ളതാണെന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ തൻവർഷം ചെലവഴിച്ച **30** ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക അടവാക്കുന്നതിന് സിഎഫ്സി ഗ്രാന്റ് വിനിയോഗിക്കുന്നതിന് പഞ്ചായത്തിന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടേയോ സർക്കാരിന്റേയോ പ്രത്യേകാനുമതി ലഭ്യമായിട്ടുള്ളപക്ഷം ആയത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും ലഭ്യമായിട്ടില്ലാത്ത പക്ഷം ഇപ്രകാരം തുക ചെലവഴിച്ചത് സാധൂകരിച്ച് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആവശ്യമില്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്ന കാര്യത്തിൽ ഗ്രാമപ്പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. കൂടാതെ വാട്ടർഅതോറിറ്റി രേഖാമൂലം അറിയിച്ചിരുന്നതു പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിരുന്ന തീയതി പ്രാബല്യത്തിൽ കുറവുവരുന്ന ടാപ്പുകളുടെ എണ്ണത്തിനനുസൃതമായി വെള്ളക്കരമിനത്തിലുള്ള പ്രതിമാസ തുക പുനർനിർണ്ണയിച്ച് ലഭിക്കുന്നതിനും അതിനനുസൃതമായി പഞ്ചായത്തിന്റെ കുടിശ്ശിക തുകയും ഫൈൻതുകയും ക്രമീകരിച്ച് ലഭിക്കുന്നതിനും പഞ്ചായത്ത് അടവാക്കിയിട്ടുള്ള അധിക തുക കണക്കാക്കി വാട്ടർഅതോറിറ്റിയിൽനിന്നും തിരികെ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും സജീവശ്രദ്ധയും അടിയന്തിര ഇടപെടലും ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. തുടർനടപടികളുടെ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 നിരീക്ഷണക്യാമറകൾ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല – മുൻകൂറായി നൽകിയ9 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | **241/25** – വിവിധ വാർഡുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ | **2200000/-** ( സി എഫ് സി -ടൈഡ് ഫണ്ട്)<br>**100000/-** (തനതു ഫണ്ട്)<br>**23,00000** |
| ചെലവ് | **9,19,716/-** |
| ബിൽനമ്പർ | **859/15-3-25** |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി വിവിധ വാർഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി മേൽപ്പറഞ്ഞ പ്രകാരം **23** ലക്ഷം രൂപ വകയിരുത്തി **2023-24** വാർഷിക പദ്ധതിയിൽ ആവിഷ്ക്കരിച്ചതാണ് പ്രോജക്ട്. ഓഡിറ്റ് വർഷം സ്പിൽ ഓവറായി അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനും ക്യാമറകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ നിശ്ചയിച്ചുകൊണ്ടും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും ചെയ്തിരുന്നു (**16-12-24**-ലെ **21(1)** നമ്പർ തീരുമാനം). അക്രഡിറ്റഡ് ഏജൻസിയായ കെൽട്രോൺ സമർപ്പിച്ച **22,99,289/-** രൂപ എസ്റ്റിമേറ്റ് കോസ്റ്റ് വരുന്ന പ്രപ്പോസൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും, **11-3-25**-ൽ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും **15-3-25**-ൽ കെൽട്രോണുമായി കരാറിലേർപ്പെടുകയും ചെയ്തു. കരാർ വ്യവസ്ഥയനുസരിച്ച് കെൽട്രോണിന്റെ **12-3-25**-ലെ പ്രെഫോർമ ഇൻവോയ്സ് പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ **40%** തുകയായ **9,19,716/-**രൂപ **17-3-25**ൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുള്ളതായി ഫയലിൽ രേഖകളില്ല. ക്യാമറ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ടോയെന്നും നിരീക്ഷണ ക്യാമറകൾ പ്രവർത്തനക്ഷമം ആയിട്ടുണ്ടോയെന്നുമുള്ള വിവരം അറിയിക്കേണ്ടതാണ്. പ്രോജക്ട് പ്രഫോർമ പ്രകാരം നിർവ്വഹണ രീതി ടെൻഡർ ആയിരിക്കെ അക്രഡിറ്റഡ് ഏജൻസിയായ കെൽട്രോണിനെ പ്രവൃത്തി ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതിന് (അന്വേഷണക്കുറിപ്പ് നം. **15/1-12-25**)

മറുപടി ലഭ്യമാക്കിയില്ല. 4 സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വാക്കാൽ അറിയിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള എൽഇഡി മോണിറ്ററിൽ കുടമാളൂരിൽ സ്ഥാപിച്ചിട്ടുള്ള ഒരു ക്യാമറയിൽനിന്നുള്ള ദൃശ്യം മാത്രം ലഭ്യമാകുന്നതായിട്ടാണ് ഭൗതീകപരിശോധനയിൽ കാണുവാൻ സാധിച്ചിട്ടുള്ളത്. മറ്റ് ക്യാമറകൾക്ക് കെഎസ്ഇബിയിൽ നിന്നും കണക്ഷൻ ലഭ്യമായിട്ടില്ലെന്നും ഇലക്ട്രിക് ലൈനിന്റെ കീഴിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾക്ക് കണക്ഷൻ നൽകുന്നതിന് തടസ്സമുണ്ടെന്ന് കെഎസ്ഇ ബി-യിൽ നിന്നും അറിയിച്ചിട്ടുള്ളതായും നിലവിൽ കെഎസ്ഇബി ലൈനിന്റ കീഴിൽ വരുന്ന തരത്തിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി കെൽട്രോൺ നടത്തിക്കൊണ്ടിരിക്കുകയാണെന്നും എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

എല്ലാ ക്യാമറകളും സ്ഥാപിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതുവരെ കെൽട്രോണിന് മുൻകൂറായി നൽകിയ **9,19,716/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ലൈഫ് ഗുണഭോക്താവ് തിരിച്ചടച്ച തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പഞ്ചായത്തിലെ **2022-23** വർഷത്തെ ജനറൽ വിഭാഗത്തിലെ ലൈഫ് ഗുണഭോക്താവായിരുന്ന ശ്രീമതി ലീലാമ്മ ജോൺ, ഇല്ലിത്തറ, വാർഡ്-**20** എന്ന വ്യക്തി കരാറിലേർപ്പെട്ട് വീടു പണിയ്ക്കായി **40000/-** രൂപ **22.06.2023**-ൽ (ബ്ലോക്ക് വിഹിതം) മുൻകൂർ കൈപ്പറ്റിയിരുന്നു. വീട് പണി തുടരാൻ താല്പര്യമില്ലാത്തതിനാൽ പലിശയടക്കം **41400/-** തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. (രസീത് നം.**1230102435** തീയതി **11.10.2023**). ബ്ലോക്ക് വിഹിതത്തിൽ നിന്ന് അനുവദിച്ച മുൻകൂർ നാളിതുവരെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കാതെ തനത് ഫണ്ടിൽ നിർത്തിയിരിയ്ക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.**19/02.12.2025**) മറുപടിയായി തുക തനത് ഫണ്ടിൽ തന്നെ സൂക്ഷിച്ചിരിയ്ക്കുന്നു എന്നറിയിച്ചിട്ടുണ്ട്. ഗുണഭോക്താവ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ **41400/-** രൂപ സഞ്ചിതനിധിയിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവനപദ്ധതി- മുൻ വർഷങ്ങളിൽ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

**2024-25** സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ജനറൽ, എസ്.സി, എസ്.റ്റി വിഭാഗങ്ങളിലായി അഞ്ച് പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം / പേര് | അടങ്കൽ | ചെലവ് |
|---|---|---|
| **S0025/25** – ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ) | **4200000/-** (വികസന ഫണ്ട് പൊതു വിഭാഗം)<br>**2000000/-** (സംസ്ഥാന-വിഷ്കൃത ഫണ്ട്)<br>**1000000/-** (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>**1000000/-** (ജില്ലാ പഞ്ചായത്ത്)<br>**3000000/-** (മറ്റുള്ളവ)<br>ആകെ – **11200000/-** | **4200000/-** (വികസന ഫണ്ട് പൊതു വിഭാഗം)<br>**640000/-** (സംസ്ഥാന-വിഷ്കൃത ഫണ്ട്)<br>**740000/-** (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>**480000/-** (ജില്ലാ പഞ്ചായത്ത്)<br>**2980000/-** (മറ്റുള്ളവ)<br>ആകെ – **9040000/-** |
| **S0209/25** – ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ-സ്പിൽ ഓവർ | **20000/-** (വികസന ഫണ്ട് പൊതു വിഭാഗം)<br>**11660000/-**(സംസ്ഥാന-വിഷ്കൃത ഫണ്ട്) | **20000/-** (വികസന ഫണ്ട് പൊതു വിഭാഗം)<br>**1800000/-** (സംസ്ഥാന-വിഷ്കൃത ഫണ്ട്) |

| | | |
|---|---|---|
| | 2920000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>1560000/- (ജില്ലാ പഞ്ചായത്ത്)<br>26920000/- (മറ്റുള്ളവ)<br>ആകെ -43080000 /- | 2760000/- (മറ്റുള്ളവ)<br>ആകെ -4580000 /- |
| S0036/25 – ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി.പി) | 400000/- (വികസന ഫണ്ട് എസ്.സി.പി)<br>2000000/- (സംസ്ഥാന-വിഷ്കൃത ഫണ്ട്)<br>800000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>800000/- (ജില്ലാ പഞ്ചായത്ത്)<br>4000000/- (മറ്റുള്ളവ)<br>ആകെ – 8000000/- | 360000/- (വികസന ഫണ്ട് എസ്.സി.പി)<br>ആകെ – 36 0000 //- |
| S0259/25 – ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി-സ്പിൽ ഓവർ) | 190000/- (വികസന ഫണ്ട് എസ്.സി.പി)<br>2000000/- (സംസ്ഥാന-വിഷ്കൃത ഫണ്ട്)<br>880000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>720000/- (ജില്ലാ പഞ്ചായത്ത്)<br>3100000/- (മറ്റുള്ളവ)<br>ആകെ – 6890000 /- | 180000/- (വികസന ഫണ്ട് എസ്.സി.പി)<br>260000/- (മറ്റുള്ളവ)<br>ആകെ -440000 /- |
| S0054/25 – ലൈഫ് ഭവന നിർമ്മാണ പദ്ധതി (റ്റി.എസ്.പി) | 200000/- (വികസന ഫണ്ട് - റ്റി. എസ്. പി.)<br>1000000/- (സംസ്ഥാന-വിഷ്കൃത ഫണ്ട്)<br>400000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>400000/- (ജില്ലാ പഞ്ചായത്ത്)<br>2000000/- (മറ്റുള്ളവ)<br>ആകെ -4000000/- | 80000/- (വികസന ഫണ്ട് റ്റി.എസ്.പി)<br>100000/- (സംസ്ഥാന-വിഷ്കൃത ഫണ്ട്)<br>56700/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>43300/- (ജില്ലാ പഞ്ചായത്ത്)<br>160000/- (മറ്റുള്ളവ)<br>ആകെ -440000 /- |

ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ കരാർ വെച്ച് ധനസഹായം കൈപ്പറ്റി വീട് പണി തുടങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം | വിഭാഗം | അഡ്വാൻസ് തുക നൽകിയ തീയതി | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ലീലാമ്മ ജോൺ, കല്ലുതറ, വാർഡ്-20 | ജനറൽ | 16.02.2023 | 200000/- | തറ നിർമ്മാണം പൂർത്തീകരിച്ചു. |

| | | | | | |
|---|---|---|---|---|---|
| 2 | അന്നമ്മ ചെറിയാൻ, കൈതപ്പറമ്പിൽ, വാർഡ്-4 | ജനറൽ | 14.03.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചു |
| 3 | ഭാരതി ചക്കി, വട്ടുകുളം, വാർഡ്-14 | എസ്.റ്റി | 28.03.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4 | വാസിനി, വെള്ളാക്കൽ വീട്, വാർഡ്-15 | ജനറൽ | 24.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 5 | റോസമ്മ, ഉള്ളാടത്തിൽ, വാർഡ്-20 | ജനറൽ | 24.06.2023 | 240000/- | ലിന്റൽ വരെ |
| 6 | ഷൈമോൾ, പുത്തൻപറമ്പിൽ, വാർഡ്-19 | ജനറൽ | 24.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 7 | രാജമ്മ, പനയ്ക്കൽ പറമ്പിൽ, വാർഡ്-17 | ജനറൽ | 24.06.2023 | 300000/- | ലിന്റൽ വരെ |
| 8 | പൊന്നമ്മ സുകുമാരൻ, പുളിയ്ക്കൽതാഴെ, വാർഡ്-5 | ജനറൽ | 24.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 9 | ഷൈമോൾ, പുത്തൻപറമ്പിൽ, വാർഡ്-19 | ജനറൽ | 24.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 10 | പെണ്ണമ്മ, മാഞ്ചിറ, വാർഡ്-20 | ജനറൽ | 24.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചു |
| 11 | കുഞ്ഞുമോൾ, നെടുമ്പോക്കിൽ, വാർഡ്-18 | ജനറൽ | 24.06.2023 | 300000/- | ലിന്റൽ വരെ |
| 12 | ഇന്ദിര ദേവി ചന്ദ്രശേഖരൻ, മറ്റത്തിൽ, വാർഡ്-16 | ജനറൽ | 22.06.2023 | 200000/- | തറ നിർമ്മാണം പൂർത്തീകരിച്ചു. |
| 13 | രാധാമണി, മാലിക്കായൽചിറ, വാർഡ്-20 | ജനറൽ | 24.06.2023 | 300000/- | ലിന്റൽ വരെ |
| 14 | തങ്കമ്മ ചെല്ലപ്പൻ, കോട്ടമല കോളനി, വാർഡ്-14 | ജനറൽ | 22.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 15 | തങ്കമ്മ രാഘവൻ, കമ്പിയിൽ വീട്, വാർഡ്-4 | ജനറൽ | 22.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 16 | സരസമ്മ പി.സി, വെട്ടുപറമ്പിൽ, വാർഡ്-4 | ജനറൽ | 22.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 17 | ജോർജ്ജ് യോഹന്നാൻ, ഐക്കരശാലിയിൽ, വാർഡ്-1 | ജനറൽ | 24.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 18 | ശാരദ, കുന്നത്തുചിറ, വാർഡ്-1 | ജനറൽ | 24.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 19 | ജഗദമ്മ, കോലടിച്ചിറ, വാർഡ്-1 | ജനറൽ | 22.05.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 20 | പത്രോസ്, നെടിയകടവിൽ, വാർഡ്-17 | ജനറൽ | 22.06.2023 | 200000/- | തറ നിർമ്മാണം പൂർത്തീകരിച്ചു. |
| 21 | ഫിലോമിന ചാക്കോ, ചലാശ്ശേരിൽ, വാർഡ്-19 | ജനറൽ | 22.06.2023 | 300000/- | ലിന്റൽ വരെ |
| 22 | സുവർണ്ണകുമാരി, അയ്യപ്പനിവാസ്, വാർഡ്-5 | ജനറൽ | 22.06.2023 | 40000/- | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 23 | ലീലാ ദാസൻ, പനച്ചിതുരുത്ത്, | ജനറൽ | 09.10.2024 | 300000/- | ലിന്റൽ വരെ |

| | വാർഡ്-3 | | | | | |
|---|---|---|---|---|---|---|

അഡ്വാൻസ് കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിയ്ക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കാൻ എടുത്ത നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/02.12.2025) മറുപടിയായി ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് അറിയിച്ചു. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം അറിയിയ്ക്കേണ്ടതുമാണ്.

## 1-30 വലിയമട വാട്ടർഫ്രണ്ട് ടൂറിസം പദ്ധതി - ലാഭവിഹിതം ലഭ്യമായില്ല

അയ്മനം ഗ്രാമപ്പഞ്ചായത്തിന്റെ 20-ാം വാർഡിൽ കുമരകം ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഉൾപ്പെട്ട വലിയമടയിൽ വലിയ കുളവും ചുറ്റുമുള്ള പാടവും ഉൾപ്പെടുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നാലര ഏക്കർ വരുന്ന സ്ഥലത്ത് ടൂറിസം വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ വലിയമട വാട്ടർ ഫ്രണ്ട് ടൂറിസം പദ്ധതിക്ക് വിനോദസഞ്ചാര (എ) വകുപ്പിന്റെ 4-6-19-ലെ സ.ഉ.(സാധാ) നം 70/2019 / ടൂറിസം പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. KEL നിർവ്വഹണ ഏജൻസിയായി 2020 വർഷം പ്രവൃത്തി ആരംഭിക്കുകയും നാല് വർഷം കൊണ്ട് പൂർത്തീകരിക്കുകയും ചെയ്ത ടൂറിസം പദ്ധതി 2024 മാർച്ച് 12 നാണ് ഉത്ഘാടനം നടത്തിയത്. ആദ്യകാലങ്ങളിൽ ഗ്രാമപ്പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്തിപ്പോരുകയായിരുന്ന പദ്ധതിക്ക് ടി കാലയളവിൽ സൗജന്യമായിട്ടാണ് പ്രവേശനം അനുവദിച്ചിരുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ തുടർനടത്തിപ്പ്, പരിപാലനം എന്നിവ സംബന്ധിച്ച് ടൂറിസം വകുപ്പ് ഡയറക്ടർ ടൂറിസം വകുപ്പ് കോട്ടയം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ കത്തിൽ (10-10-24 ലെ DOT/10245/2023-P2 നം കത്ത്) പദ്ധതി ഗ്രാമപ്പഞ്ചായത്തിന് കൈമാറേണ്ടതും, പദ്ധതിയുടെ തുടർനടത്തിപ്പ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ലീസ് എഗ്രിമെന്റ് അടിസ്ഥാനത്തിൽ ടെൻഡർ/ക്വട്ടേഷൻ നടപടികളിലൂടെ വിട്ടുനൽകുന്നതിനും നിർദ്ദേശിച്ചിരുന്നു. കൂടാതെ ലാഭവിഹിതത്തിന്റെ 50:20:30 എന്ന കണക്കിൽ ഡി റ്റി പി സി, ടൂറിസം വകുപ്പ്, ഗ്രാമപ്പഞ്ചായത്ത് എന്നിവയ്ക്ക് ഭാഗിച്ചു നൽകാവുന്നതാണെന്നും പദ്ധതി പ്രാവർത്തികമാക്കുമ്പോൾ വൈദ്യുതി നിരക്കുകൾ, വാട്ടർചാർജ്ജ് മറ്റ് മെയിന്റനൻസ് വർക്കുകൾ എന്നിവ ഡിറ്റിപിസി തന്നെ വഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നതായും കാണുന്നു. തുടർന്ന് പദ്ധതി വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ പാട്ടത്തിന് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് ടൂറിസം വകുപ്പ് നോട്ടീസും പ്രസിദ്ധീകരിക്കുകയുണ്ടായി. (ക്വട്ടേഷൻ നോട്ടീസ് നം-568/DTPC/KTM/24/ 22-1-25)

മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പും, ഗ്രാമപ്പഞ്ചായത്തും സ്വീകരിച്ചിട്ടുള്ള നടപടികളും പ്രസ്തുത ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതിവിവരവും സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്തിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-29/3-12-25) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിൽ അസ്സസ് ചെയ്തിട്ടുള്ളതാണെന്നും, പദ്ധതി നിലവിൽ ഡിററിപിസിക്ക് 10 വർഷത്തേക്ക് ലീസ് എഗ്രിമെന്റ് വ്യവസ്ഥയിൽ കൈമാറി നൽകിയിട്ടുള്ളതാണെന്നും വ്യക്തമാക്കുകയുണ്ടായി. കൂടാതെ 50:20:30 എന്ന അനുപാതത്തിൽ ലാഭവിഹിതം യഥാക്രമം ഡി റ്റി പി സി, ടൂറിസം വകുപ്പ്, ഗ്രാമപ്പഞ്ചായത്ത് എന്നിങ്ങനെ ഭാഗിച്ചുനൽകുന്ന രീതിയിലാണ് എഗ്രിമെന്റ് എന്നും വൈദ്യുത ചാർജ്ജും മറ്റ് മെയിന്റനൻസ് ചാർജുകളും ഡിറ്റിപിസിയുടെ ചുമതലയിലാണെന്നും വിശദീകരണം നൽകി. മേൽ നിർദ്ദേശാനുസരണമുള്ള വ്യവസ്ഥകൾ അംഗീകരിച്ച് വകുപ്പും ഡിറ്റിപിസിയും ഗ്രാമപ്പഞ്ചായത്തും കരാറിലേർപ്പെട്ടിട്ടുണ്ടെന്നും ടൂറിസം വകുപ്പ് ടെൻഡർ നടപടികളിലൂടെ പദ്ധതിയുടെ നടത്തിപ്പ് സ്വകാര്യ വ്യക്തിക്ക് കൈമാറിയിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ഗ്രാമപ്പഞ്ചായത്തിന് പദ്ധതിയുടെ പ്രവർത്തനത്തിൽ നിന്നുള്ള ലാഭവിഹിതം ലഭ്യമായി തുടങ്ങിയിട്ടില്ലാത്തത് സംബന്ധിച്ച് നിർമ്മാണവുമായി ബന്ധപ്പെട്ട ബാധ്യതകൾ അവശേഷിക്കുന്നത് തീർപ്പാക്കേണ്ട സാഹചര്യമുള്ളതിനാൽ ആയത് തീർപ്പായതിനുശേഷം മുതലേ ഗ്രാമപ്പഞ്ചായത്തിനുള്ള

ലാഭവിഹിതം കൈമാറുന്നതിന് സാധിക്കുന്നുള്ളൂവെന്ന് ഡിറ്റിപിസി അറിയിച്ചിട്ടുള്ളതായി എക്സിറ്റ് മീറ്റിംഗിൽ അസിസ്റ്റന്റ് സെക്രട്ടറി വ്യക്തമാക്കി. എന്നാൽ സ്വകാര്യവ്യക്തിയും ഡിറ്റിപിസിയും തമ്മിലുള്ള കരാറിലെ വ്യവസ്ഥകൾ വ്യക്തമായിട്ടില്ല. നിലവിൽ പദ്ധതിയുടെ നടത്തിപ്പ് സ്വകാര്യവ്യക്തി ഏറ്റെടുത്തിട്ടുണ്ടെങ്കിലും കാര്യമായ വരുമാനം ടിയാൾക്ക് ലഭിക്കുന്നില്ലെന്നും പരിപാലനച്ചെലവിനുള്ള തുക മാത്രമേ ലഭ്യമാകുന്നുള്ളൂവെന്നും ടിയാൻ അറിയിച്ചതായും മറുപടിയിൽ കൂട്ടിച്ചേർത്തു.

ഗ്രാമപ്പഞ്ചായത്തും ടൂറിസം വകുപ്പും ജില്ലാടൂറിസം പ്രമോഷൻ കൗൺസിലും തമ്മിലുണ്ടായിയിട്ടുള്ള കരാർപ്രകാരം പ്രവർത്തന ലാഭത്തിന്റെ **30%** തുക ഗ്രാമപ്പഞ്ചായത്തിനവകാശപ്പെട്ടതാണ്. എന്നാൽ എന്നു മുതലാണ് ആയത് ലഭ്യമാക്കിത്തുടങ്ങുക എന്ന് കരാറിൽ പരാമർശിക്കുകയോ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും രേഖയിലോ വ്യക്തമാക്കിയിട്ടില്ലാത്തതുമാണ്. ആയതിനാൽ ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിക്കപ്പെട്ട പദ്ധതിയിൽനിന്നും കരാർപ്രകാരം പഞ്ചായത്തിനവകാശപ്പെട്ട പ്രവർത്തന ലാഭത്തിന്റെ വിഹിതം ലഭ്യമാകുന്ന വിഷയത്തിൽ കരാറിൽ വ്യക്തത വരുത്തേണ്ടതാണ്. കൂടാതെ പ്രസ്തുത ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി മുൻകാലങ്ങളിൽ ഗ്രാമപ്പഞ്ചായത്ത് ലക്ഷ്യമിട്ട് പ്രവർത്തനം ആരംഭിച്ചതും എന്നാൽ മുടങ്ങിപ്പോയതുമായ കനാൽ ടൂറിസത്തിന്റെ സാധ്യതകൾ കൂടി പരിഗണിച്ചുകൊണ്ട് തനതുവരുമാന വർദ്ധനവിന് ഉതകുന്ന തരത്തിലും ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യം സംരക്ഷിച്ചുകൊണ്ടും മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്കനുസൃമായി ടൂറിസം വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതുമാണ്.

## 1-31 തെരുവ്വിളക്ക് മെയിന്റനൻസ് - 2,86,160/-രൂപയുടെ ചെലവുരേഖകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | **77/25** തെരുവുവിളക്ക് മെയിന്റനൻസ്-<br>വേതനം നൽകൽ |
| അടങ്കൽ | **400000/-** |
| ചെലവ് | **399310/-** ( തനതുഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപ്പഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്ക് പരിപാലനത്തിനായി ദിവസവേതനം നൽകുന്നതിനും അനുബന്ധ ചെലവുകൾക്കുമായി തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കരാറുകാരനായ ശ്രീ. പി. ഡി. സുരേന്ദ്രൻ, ഡ്രൈവർ ശ്രീ. ശരത് ചന്ദ്രൻ എന്നവർക്ക് ദിവസം **730/-** രൂപ പ്രകാരം **2024** ജൂലൈ മാസം മുതലുള്ള മാസങ്ങളിലെ വിവിധ തീയതികളിലായി പ്രവൃത്തി നടത്തിയ വകയിൽ ആകെ **399310/-** രൂപ പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1) 7/24** മുതൽ **1/25** വരെയുള്ള മാസങ്ങളിലെ വേതനം നൽകിയിട്ടുണ്ടെങ്കിലും **2024** ജൂലൈ മാസത്തിലെ മസ്റ്റർ റോൾ മാത്രമാണ് പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

**2)** ചെലവു പത്രിക പ്രകാരം പ്രോജക്ടിനായി ആകെ **399310/** രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും **1,13,150/-** രൂപയുടെ ചെലവു രേഖകൾ മാത്രമേ പ്രോജക്ട് ഫയലിൽ ലഭ്യമായിട്ടുള്ളൂ.

**3)** ഓരോ വാർഡിലും പ്രവൃത്തി നടത്തിയത് ബന്ധപ്പെട്ട വാർഡ് മെമ്പറോ മെമ്പർ നിർദ്ദേശിക്കുന്ന ആളോ സാക്ഷ്യപ്പെടുത്തുന്നതിനായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള സാക്ഷ്യപത്രത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് ആരെന്ന് വ്യക്തമാക്കിയിട്ടില്ല.

**4)** ഓരോ വാർഡിലേയും വിവിധ പോസ്റ്റുകളിൽ നടത്തിയ മെയിന്റനൻസ് വർക്ക് എന്താണെന്നും, മെയിന്റനൻസ് പ്രവൃത്തിക്കായി പുതിയ ഉപകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെയും പഴയ ഉപകരണങ്ങൾ മാറ്റപ്പെട്ടതിന്റെയും തിരികെ ഏൽപ്പിച്ചതിന്റേയും വിവരങ്ങളും ലഭ്യമല്ല.

**5)** ഓരോ ദിവസവും വാർഡുകളിൽ മെയിന്റനൻസ് നടത്തുന്ന പോസ്റ്റുകളുടെ നമ്പർ, വ്യക്തമായി

ഫയലിൽ രേഖപ്പെടുത്തുകയോ സ്ഥിതിചെയ്യുന്ന ലൊക്കേഷൻ വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.
6) പ്രോജക്ടുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് (പൊതുമരാമത്ത്, വൈദ്യുതി, ഊർജ്ജം) പ്രോജക്ട് നിർവ്വഹണം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.
അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം. 25/2-12-25) മറുപടി ലഭ്യമാക്കിയില്ല. ക്രമ നമ്പർ 2 പ്രകാരം പ്രോജക്ടിനായി ചെലവഴിച്ച 2,86,160/- (399310−113150) രൂപയുടെ ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 ജൽ ജീവൻ മിഷൻ പ്രവർത്തന പുരോഗതി അവലോകനം

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണ് ജൽ ജീവൻ മിഷൻ. ഗുണഭോക്തൃവിഹിതം ഉൾപ്പെടെ കേന്ദ്ര സംസ്ഥാന സർക്കാരുകളും പഞ്ചായത്തും ചേർന്നാണ് ചെലവ് വഹിക്കേണ്ടത്. വില്ലേജ് ഇൻഫ്രാസ്ട്രക്ചർ നടപ്പിലാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തുകയുടെ 10% ഗുണഭോക്തൃ വിഹിതമായും ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ നടപ്പാക്കിയ പദ്ധതികളുടെ പ്രവർത്തനവും പരിപാലനവും ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വം ആയിട്ടാണ് നിഷ്കർഷിച്ചിട്ടുള്ളത്. പദ്ധതിയുടെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസിന് ആവശ്യമായ തുകയ്ക്ക് അനുസൃതമായി താരിഫ് നിശ്ചയിച്ച് സമാഹരിക്കേണ്ടതുമാണ്. പദ്ധതി നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനും ഉത്തരവാദിയായ ഏജൻസി കേരള ജല അതോറിറ്റിയാണ്.
പദ്ധതിയുടെ 15% പഞ്ചായത്ത് വിഹിതം കണ്ടെത്തുന്നതിനായി തനത് ഫണ്ട്, പ്ലാൻ ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. കേരള വാട്ടർ അതോറിറ്റിയിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ കുടിവെള്ള പ്രോജക്ടുകൾ പൂർത്തിയാക്കിയതിന്റെ ബാക്കി വരുന്ന തുക, ഫീസിബിൾ അല്ലാത്തതിനാൽ ഒഴിവാക്കിയ പദ്ധതികളുടെ തുക എന്നിവ ജലജീവൻ പദ്ധതിയ്ക്കായി സ്ഥലം കണ്ടെത്തൽ, തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം,എൽ.എ-മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് 10.08.2020-ലെ സ.ഒ.(സാധാ.)നം.4584/2020/ധന. നമ്പർ ഉത്തരവിലൂടെ അനുമതി നൽകിയിട്ടുമുണ്ട്.
അയ്മനം പഞ്ചായത്തിൽ ജൽജീവൻ മിഷന്റെ പ്രവർത്തന പുരോഗതി വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.02/26.11.2025 നു ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് തുക വകയിരുത്തിയിട്ടില്ലെന്നും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെന്നും അറിയിച്ചു. 20 വാർഡുകളിൽ നിന്നായി 41 സമിതികൾ മുഖേന 4000 കുടുംബങ്ങൾക്ക് വേണ്ടി ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## 1-33 ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ്

സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും .

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്റ്റുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ സാഹചര്യം

അയ്മനം ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി -8, ഹോമിയോപ്പതി - 1, ആയുർവേദ – 2 എന്നിങ്ങനെ 11 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

സ്കീം 3

| രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|
| | വരവ് | - | 325429 (321305 + 4124 പലിശ) | 1113735 (1097000 + 16735 പലിശ) | 476430 (458000 + 18430 പലിശ) | 1915594 |
| | ചെലവ് | - | 204846 | 546738 | 666721 | 1418305 |
| | നീക്കിയിരിപ്പ് | - | 120583 | 687580 | 497289 | |

സ്കീം 4

| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | | | | | | |
| | വരവ് | - | **187641 (185000 + 2641 പലിശ)** | **459214 (449000 + 10214 പലിശ)** | **718583 (714000 + 4583 പലിശ)** | **1365438** |
| | ചെലവ് | - | **0** | **587050** | **0** | **587050** |
| | നീക്കിയിരിപ്പ് | - | **187641** | **59805** | **778388** | |

**2023-24** സാമ്പത്തിക വർഷത്തെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചു കിട്ടിയത് **2024-25** സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ ആയതിനാൽ **2025-26** സാമ്പത്തിക വർഷം ആയത് ചെലവഴിക്കാനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. . സ്കീം **3**, സ്കീം **4** എന്നിവയിലുൾപ്പെടുത്തി സാമൂഹ്യാരോഗ്യ കേന്ദ്രത്തിനും സബ്സെന്ററുകൾക്കുമായി വാങ്ങിയ ആശുപത്രി ഉപകരണങ്ങൾ / ഫർണ്ണിച്ചർ എന്നിവ കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്.
ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറ ബാങ്ക് , പരിപ്പ് ശാഖയിൽ താഴെപ്പറയും പ്രകാരം രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | **110042401750** |
| ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | **110042403625** |

സ്കീം **3** ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം **4** ഗ്രാമപ്രദേശങ്ങളിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. . ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.
ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം **3** പ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. സ്കീം **4** നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. അതിദരിദ്രർ, കാൻസർ, കിഡ്നി രോഗികൾ, പ്രായമായവർ എന്നിവരെ ഭവനങ്ങളിൽ പോയി സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നുണ്ട്.
ഹെൽത്ത് ഗ്രാന്റിനത്തിൽ ഓരോ സ്കീമിലെയും പാസ് ബുക്ക് പ്രകാരം **31.03.2025** ൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) സ്കീം 3 – 497289/-

2) സ്കീം 4 – 778388/-

(മേൽ തുകകളിൽ അക്കൗണ്ടുകളിൽ ലഭ്യമായ പലിശയും ഉൾപ്പെടുന്നുണ്ട്)

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

രണ്ട് സ്കീമുകളിലുമായി ആകെ 1275677/- രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ടി തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയോ നിലവിലുള്ള പൂർത്തീകരിക്കുകയോ ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വിഭജിച്ച് നമ്പർ നൽകിയ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. നമ്പർ 12/349 C, 349 D, 349 E എന്നീ കെട്ടിടങ്ങൾ വിഭജിച്ച് നമ്പർ അനുവദിച്ചെങ്കിലും ഉപയോഗക്രമത്തിൽ മാറ്റം വന്നിട്ടില്ല എന്നതിനാലും ആകെ വിസ്തീർണ്ണം 103.16 ച.മീ ആയതിനാലും കെട്ടിടത്തിനെ വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ എന്ന ഗണത്തിൽപ്പെടുത്തി ഭരണസമിതിയുടെ 18.10.2023 ലെ 4(1) തീരുമാനപ്രകാരം ചതുരശ്ര മീറ്ററിന് 80 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. നിലവിൽ 50 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിനാൽ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| കെട്ടിട നമ്പർ | 12/349 C, 349 D, 349E | | |
| നികുതി പ്രാബല്യത്തിൽ വന്നത്/ നികുതി നിർണ്ണയിച്ച തീയതി | 2024 ഒന്നാം അർദ്ധ വർഷം/ 19.07.2024 | | |
| ഉടമസ്ഥൻ | വി. ജി. രാജീവ് (ശ്രീ. ഗോപിനാഥൻ മാരാരുടെ മകൻ) | | |
| വിസ്തീർണ്ണം (ച.മീ) | 103.16 (33.35 + 33.88 + 35.93) | | |
| | നിർണ്ണയിച്ച നികുതി | നിർണയിക്കേണ്ട നികുതി | കുറവ് |
| നിരക്ക് | 52.5 | 84 | |
| അടിസ്ഥാന വസ്തു നികുതി | 5416 | 8665 | 3250 |
| ഇളവുകൾ (10% - മേഖല) | 542 | 867 | 325 |
| വർദ്ധനവുകൾ (20 % - വഴി സൗകര്യം) | 1083 | 1733 | 650 |
| സർവ്വീസ് ചാർജ്ജ് - 11% | 596 | 953 | 357 |
| ആകെ | 6553 | 10485 | 3932 |

(2024-25 വർഷത്തെ നികുതി വർദ്ധനവ് (5%) ഉൾപ്പെടെയുള്ള നിരക്കാണ് പട്ടികയിൽ

കാണിച്ചിരിക്കുന്നത്.) അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/02.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ഈടാക്കേണ്ടതും കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് ഒടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| **16** | **88500/-** | **88500/-** | **0** | **-** |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | | | |
| ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 30.07.2025 | 26.11.2025 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രോജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/ (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഏറ്റുമാനൂർ | 740000/- | ലൈഫ് ഭവന പദ്ധതി ജനറൽ (25/25) | 740000/- | 0 |
| | 56700/- | ലൈഫ് ഭവന പദ്ധതി (ST) (54/25) | 56700/- | 0 |
| | 400000/- | ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പ് (5/25) | 400000/- | 0 |
| | 197457/- | പാലിയേറ്റീവ് കെയർ (1/25) | 197457/- | 0 |
| | 1394157/- | ആകെ | 1394157/- | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 480000/- | ലൈഫ് ഭവന പദ്ധതി ജനറൽ (25/25) | 480000/- | 0 |
| | 43300/- | ലൈഫ് ഭവന പദ്ധതി (ST) (54/25) | 43300/- | 0 |
| | 230000/- | മാലിക്കായൽ പാടശേഖര മോട്ടോർത്തറ സംരക്ഷഭിത്തി നിർമ്മാണം | 230000/- | 0 |
| | 292135/- | പാലിയേറ്റീവ് കെയർ (1/25) | 292135/- | 0 |
| | 899680/- | അങ്കൺവാടി നിർമ്മാണം വാർഡ് | 899680/- | 0 |
| | 1945115 /- | ആകെ | 1945115 /- | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | ഇലക്ട്രിക് സെക്ഷൻ, കുമരകം | S0-347/25പരിപ്പ്- തൊള്ളായിരം റോഡ് - പുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ | 4,15,549/- | 0 | 4,15,549/- |
| 2 | ഇലക്ട്രിക് സെക്ഷൻ, കുമരകം | S0251/25 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇലക്ട്രിക് | 243117/- | 87859/- | 155258/- |

| | | | | | |
|---|---|---|---|---|---|
| | അയ്മനം | പോസ്റ്റ് മാറ്റൽ<br>1)നാലുതോട് പാലത്തിന് പടിഞ്ഞാറ്- ഫിഷറീസ് വകുപ്പ് റോഡ് - 32099/-<br>2) ,, - 84788/-<br>3) വലിയ മടക്കുഴി -ചീപ്പുങ്കൽ റോഡ് നിർമ്മാണം - 38371/-<br>4) ഐക്കരവാലി – മാങ്ങാക്കണ്ടം റോഡ് – വാർഡ് 1 – 87859/-<br>ആകെ – 243117/- | | | |
| 3 | ഇലക്ട്രിക് സെക്ഷൻ, കുമരകം | S0-129/25 എസ് സി സാംസ്കാരിക നിലയം വയറിംഗ് | 250000/- | 0 | 250000/- |
| 4 | ഇലക്ട്രിക് സെക്ഷൻ, അയ്മനം ഗാന്ധിനഗർ കുമരകം | S0 250/25 വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റലും സ്ട്രീറ്റ് ലൈൻ വലിക്കലും | 1524023/-<br>142462/-<br>7,43,711/-<br>24,10,196 | 0 | 24,10,196/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ KURDFC വായ്പയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 27462042 | 6280000/- | 3680555/- | - | 2599445/- |

KURDFC ലോൺ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക ബി-5 ഷെഡ്യൂളിൽ 28775750/- രൂപയും ബി-16 ഷെഡ്യൂളിൽ 28591727/-രൂപയുമാണ്. ഷെഡ്യൂളുകൾ തമ്മിൽ 184023/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ലോൺ രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. ലോൺ അക്കൗണ്ടിൽ 64,023/- രൂപ അവശേഷിക്കുന്നുണ്ട്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000000/- |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 5000000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| പലിശ | 359712/- |
| ബാക്കി | 10359712 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10359712/- |

നിക്ഷേപത്തിന്റെ വിവരം

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം., തീയതി | തുക |
|---|---|---|---|
| 1 | എസ്.ബി.ഐ. അയ്മനം | 42660663113/ 07.03.2025 | 5359712/- |
| 2 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കുടമാളൂർ | 120202969900 6956/ 27.03.2025 | 2500000/- |
| 3 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കുടമാളൂർ | 120202969900 6957/ 27.03.2025 | 2500000/- |
| | | ആകെ | 10359712/- |

## 4-8 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം 3663/- രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുണ്ട്. എന്നാൽ ഈ തുക മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള വരവല്ല.ആയതിനാൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000, 2001-02 | 17 | 2004-05 | 2-4 | കാർഷിക യന്ത്ര വൽക്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണന യിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.5 | നിഷ്ക്രി യാസ്തികൾ– വനിതാ വ്യവസായ കേന്ദ്രം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണന യിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.7 | അയ്മനം കുടിവെള്ള പദ്ധതി- പ്രവർത്തന- രഹിതമാണ് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണ നയിലാണ് |

| | | | | | |
|---|---|---|---|---|---|
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.15 | പൊതു കളിസ്ഥലം-- പാഴ്ചെലവായി കളിസ്ഥലം തകർന്നു കിടക്കുന്നു. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണ നയിലാണ് |
| 2014-15 | 2-2-1, 2-2-2 | 2016-17 | അനുബന്ധം 3 | വസ്തുനികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണന യിലാണ് |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണന യിലാണ് |

## 4-10 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : 9,09,56,080/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : 8,42,06,117/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : 26,82,26,157/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : 26,01,54,817/- |
| വരവിനങ്ങളിലുള്ള നഷ്ടം | : 3932/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 76,64,916/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 3932/- | – | ശ്രീ. സുനിൽകുമാർ എൻ.സി. സെക്രട്ടറി ഇൻ-ചാർജ് |
| | 3932/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 1-20 | 200000 | ശ്രീ. സോണി മാത്യൂ, സെക്രട്ടറി |
| 1-21 | 28037 | ശ്രീമതി നീതു കെ.എം., ഐസിഡിഎസ് സൂപ്പർവൈസർ |
| 1-25 | 3231003 | ശ്രീ. ബിനു എസ്.ഐ, സെക്രട്ടറി |
| 1-26 | 3000000 | ശ്രീ. ബിനു എസ്.ഐ, സെക്രട്ടറി |
| 1-27 | 919716 | ശ്രീ. ബിനു എസ്.ഐ, സെക്രട്ടറി |
| 1-31 | 286160 | ശ്രീ. ബിനു എസ്.ഐ, സെക്രട്ടറി |
| ആകെ | 7664916/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ-

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽകുമാർ എൻ സി., സെക്രട്ടറി ഇൻ-ചാർജ് | അസിസ്റ്റന്റ് സെക്രട്ടറി, അയ്മനം ഗ്രാമ പഞ്ചായത്ത് | വെട്ടുകുഴിയിൽ വീട്, എസ്.എച്ച് മൗണ്ട് പി.ഒ, കോട്ടയം |

## 4-12 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 99-00, 00-01, 01-02 പ്ലാൻ | എൽ.എഫ്.കെ.പി.10/1291/11/16.6.12 | 8 |
| 96-97 വരവ് | എൽ.എഫ്.കെ.പി.4/509/07/26.7.07/1.10.07 | 3 |
| 98-99 വരവ് | എൽ.എഫ്.കെ.പി.4/511/07/5.10.09 | |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22) 1782(2)/22/ 19.08.2022 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(2)/ 22/19.08.22 | 1 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(3)/ 22/19.08.22 | 3 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(4)/ 22 /19.08.22 | 5 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(5)/ 22/19.08.22 | 1 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(6)/ 22/19.08.22 | 7 |
| 2012-13 | എൽ.എഫ്.കെ.പി.10-504/15/28.05.15 | 20 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി10/256/15/16.02.16 | 20 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(7)/ 22/19.08.22 | 9 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി9/1691/2021/23.05.2022 | 6 |
| 2016-17 | കെ എസ് എ കെ റ്റി എം പി 9 112/18/29.01.2018 | 18 |

| | | |
|---|---|---|
| **2017-18** | കെ.എസ്.എ-കെ.ടി.എം.പി **9/2078/18/01.03.2021** | **13** |
| **2018-19** | നം.കെ.എസ്.എ-കെ.ടി.എം.പി.**9/648/2020/ 29.06.2020** | **22** |
| **2019-20** | നം.കെ.എസ്.എ-കെ.ടി.എം.പി.**9/508/2022/ 22.02.2023** | **16** |
| **2020-21** | നം.കെ.എസ്.എ-കെ.ടി.എം.പി.**9/509/2022/ 06.03.2023** | **29** |
| **2021-22** | നം.കെ.എസ്.എ-കെ.ടി.എം.പി.**9/2429/2022/ 08.05.2023** | **22** |
| **2022-23** | നം.കെ.എസ്.എ-കെ.ടി.എം.പി.**9/1517/2024/ 30.11.2024** | **31** |
| **2023-24** | നം.കെ.എസ്.എ-കെ.ടി.എം.പി.**9/1389/2024/ 15.02.2025** | **29** |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 20-05-2025 and submitted on 29-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Aymanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Aymanam Grama Panchayat as on 31-03-2025

Date: 13/01/2026

Deputy Director
District Office Kottayam
Kerala State Audit Department

**Audit Report appended to the Audit Certificate of Aymanam Grama Panchayat for the Year 2024-2025 .**

**1.Major Observations**

**1.General Fund Details not maintained. OBRP data of asset and liability as on 01-04-2011 is not available. Full source data not available for the value of total general fund as on 31-03-2025.**

**2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.**

**3. Non Disclosure of Assets-Assets not classified and valuated and accounted-Asset Database is not updated.**

**2.Other Observations**

**1.The schedules B5 Secured Loans and B16 Prepaid Expenses in the Balance Sheet does not match.**

**2.Advance to MGNREGS as per B-18 schedule of AFS does not match with that of Cash Book.**

**3.The accuracy of Deposit amounts in B-7 schedule could not be ascertained.**

**4.The details of advance amounts as per schedule B-18 were not provided.**

**5.Govt. & Other Dues Register has not maintained. The liabilities as per schedule B-9 remain unpaid.**

**6.There is a discrepancy between the expenditure amounts of the Maintenance grant (Road) and Development Fund (General) as per schedule I-6 and the amounts shown in the Grant statement/Sulekha expenditure statement.**

**7.The closing balances shown in Schedule B-4 of the Finance commission grant do not match with the bank account balance**

**8. Details of the amount of 1272731/-remaining as liability under the Beneficiary contribution category in schedule B-4 were not provided**

**9.Loan Register is not maintained, the figures shown as LIFE loan liability is not clearly asertained.**

**10.Capital Work in Progress details and adjustments made before 2024-25 are not available.**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്